SYRO-MALABAR VISION
A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD
MY LORD MY GOD

# സീറോമലബാർ വിഷൻ

മെയ് 2021 | പുസ്തകം 01 | ലക്കം 04 | സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

# കർദിനാൾ മാർ ജോർജ് ആലഞ്ചേരി സീറോമലബാർ സഭയുടെ നേതൃത്വ ശുശ്രൂഷയിൽ ഒരു ദശാബ്ദം പൂർത്തിയാക്കുന്നു

കാക്കനാട്: മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സീറോമലബാർ സഭയുടെ അമരക്കാരനായി സ്ഥാനമേറ്റെടുത്തിട്ട് 2021 മെയ് 29-ന് പത്ത് വർഷം പൂർത്തിയാകുന്നു. അഭിവന്ദ്യ കർദിനാൾ മാർ വർക്കി വിതയത്തിലിന്റെ ദേഹവിയോഗത്തെ തുടർന്നു സമ്മേളിച്ച മെത്രാൻ സിനഡാണ് അന്നു തക്കല രൂപതയുടെ മെത്രാനായിരുന്ന മാർ ജോർജ് ആലഞ്ചേരിയെ സീറോമലബാർ സഭയുടെ തലവനും പിതാവുമായി 2011 മെയ് 14-ാം തീയതി തിരഞ്ഞെടുത്തത്. സിനഡിന്റെ തിരഞ്ഞെടുപ്പിനെ മെയ് 26-ാം തീയതി വത്തിക്കാൻ അംഗീകരിച്ചു. 2011 മെയ് 29-ന് സിനഡ് പിതാക്കന്മാരുടെയും ഭാരതത്തിലെ വത്തിക്കാൻ പ്രതിനിധിയുടെയും മേലധ്യക്ഷന്മാരുടെയും സാന്നിധ്യത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ കത്തീഡ്രൽ ബസിലിക്കയിൽ നടന്ന തിരുക്കർമ്മങ്ങൾക്കിടയിൽ മാർ ജോർജ് ആലഞ്ചേരി സഭയുടെ മൂന്നാമത്തെ മേജർ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റെടുത്തു. സിനഡ് തിരഞ്ഞെടുക്കുന്ന ആദ്യ മേജർ ആർച്ച്ബിഷപ്പാണ് മാർ ജോർജ് ആലഞ്ചേരി. അദ്ദേഹത്തിന്റെ മുൻഗാമികൾ രണ്ടുപേരെയും പരിശുദ്ധ സിംഹാസനം നിയമിക്കുകയായിരുന്നു. 2012 ഫെബ്രുവരി 18-ന് റോമിൽ നടന്ന കൺസിസ്റ്ററിയിൽ സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ സ്ഥാനത്തേയ്ക്കു ഉയർത്തപ്പെട്ടു.



മാർ ജോർജ് ആലഞ്ചേരി സ്ഥാനമേറ്റെടുത്തതോടെ സീറോമലബാർസഭയ്ക്കു ഒരു പുതിയ ഉണർവും ഉന്മേഷവും കൈവന്നു. ഷംഷാബാദ്, ഹോസൂർ രൂപതകളുടെ സ്ഥാപനത്തോടെ ഭാരതം മുഴുവനിലും അജപാലനശുശ്രൂഷ ചെയ്യുവാനുള്ള സാധ്യത സീറോമലബാർ സഭയ്ക്ക് പരിശുദ്ധ പിതാവ് നൽകി. സഭയുടെ ദീർഘനാളായുള്ള ആവശ്യമാണ് ഇതോടെ അനുവദിക്കപ്പെട്ടത്. അതുപോലെതന്നെ ഫരീദാബാദ്, മെൽബൺ, മിസ്സിസാഗ, ഗ്രേറ്റ് ബ്രിട്ടൻ എന്നീ രൂപതകളുടെ സ്ഥാപനവും, യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്ററുടെ നിയമനവും സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ വിപുലപ്പെടുത്തി. ആഗോളസഭയുടെ കേന്ദ്രമായ റോമിൽ സീറോമലബാർസഭയ്ക്ക് സ്വന്തമായി ഒരു ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലും



നേതൃത്വ ശുശ്രൂഷയുടെ
10
വർഷങ്ങൾ
29.05.2021

പിതാവിന്റെ നേതൃത്വം നിർണ്ണായകമായിരുന്നു. ആസ്ട്രേലിയായിൽ മാത്രമൊതുങ്ങിനിന്നിരുന്ന മെൽബൺ രൂപതയുടെ അധികാരപരിധി ഓഷ്യാനിയ ഭൂഖണ്ഡം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചുകൊണ്ടു 2021 മാർച്ച് 21-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉത്തരവായതും സീറോമലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. പ്രേഷിതാഭിമുഖ്യത്തിന് ഉതകുന്ന അജപാലനസൗകര്യങ്ങളുടെ വർദ്ധനവോടെ സീറോമലബാർസഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനും സാധിച്ചതിലും അഭിവന്ദ്യ പിതാവിന്റെ ശ്രദ്ധയും താൽപര്യവും ഏറെ പ്രകടമാണ്.

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എന്ന നിലയിൽ, 35 രൂപതകളിലും അതിനുപുറത്തുമായി ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഏകദേശം 50



ലക്ഷം സീറോമലബാർ കത്തോലിക്കരുടെ നേതൃത്വശുശ്രൂഷ നിർവ്വഹിക്കുന്ന പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തകൂടിയാണ്. അതോടൊപ്പം, കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ പ്രസിഡണ്ട്, എക്യുമെനിക്കൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കേരളത്തിലെ ഇന്റർ ചർച്ച് കൗൺസിൽ പ്രസിഡണ്ട് എന്നീ ഉത്തരവാദിത്വങ്ങളും പിതാവിൽ നിക്ഷിപ്തമാണ്. സഭയിലെ വൈദിക പരിശീലകേന്ദ്രങ്ങളോടനുബന്ധിച്ചുള്ള ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം പൗരസ്ത്യ വിദ്യാപീഠം, ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രം എന്നിവയുടെ ചാൻസലർ പദവിയും പിതാവാണ് വഹിക്കുന്നത്.

സാർവ്വത്രിക സഭയിൽ മാർപാപ്പയെ തെരഞ്ഞെടുക്കാൻ വോട്ടവകാശമുള്ള 115 കർദിനാൾമാരിൽ ഒരാളാണ് ആലഞ്ചേരി പിതാവ്. കർദിനാളെന്ന നിലയിൽ അഭിവന്ദ്യ പിതാവ് പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലും വിശ്വാസ തിരുസംഘകാര്യാലയത്തിലും ക്രൈസ്തവ കൂട്ടായ്മയെ പരിപോഷിപ്പിക്കാനുള്ള പൊന്തിഫിക്കൽ കൗൺസിലിലും മതബോധനത്തിനുവേണ്ടിയുള്ള അന്താരാഷ്ട്ര കൗൺസിലിലും അംഗമാണ്.

സമകാലിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന ആത്മീയനേതാവാണ് അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവ്. കാര്യശേഷിയും കറതീർന്ന ആത്മീയതയും തീരുമാനങ്ങളിലെ ദൃഢതയും അദ്ദേഹത്തിന്റെ പ്രത്യേകതകളാണ്. ആശയങ്ങളിലുള്ള വ്യക്തതയും സംവാദങ്ങളിൽ പ്രദർശിപ്പിക്കുന്ന സമഭാവനയും സുതാര്യമായ ആശയങ്ങളും ലളിതവും എന്നാൽ ശക്തവുമായ പ്രഭാഷണശൈലിയും വലിയ പിതാവിന്റെ നേതൃത്വശുശ്രൂഷയെ കൂടുതൽ ഫലപ്രദമാക്കുന്നു. പിതാവിന്റെ ലേഖനങ്ങളും പ്രഭാഷണങ്ങളും മറ്റ് ഇടപെടലുകളുമെല്ലാം പൊതുസമൂഹത്തിന്റെ താൽപ്പര്യങ്ങളെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ളതാണ്. ദൈവദാനമായ പ്രകൃതിയുടെ സംരക്ഷണവും മനുഷ്യജീവന്റെ അമൂല്യതയും പിതാവിന്റെ പ്രഭാഷണങ്ങളിലും എഴുത്തുകളിലും ആവർത്തിച്ചുവരുന്ന പ്രമേയങ്ങളാണ്.

പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയണാർഡോ സാന്ദ്രിയും സെക്രട്ടറി ആർച്ച്ബിഷപ് ജോർജോ ഗല്ലാറോയും ഇന്ത്യയുടെ നിയുക്ത വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലിയും ചാർജ് ദ അഫയേഴ്സ് മോൺ. റോബർട്ട് മർഫിയും സീറോമലബാർ സഭയുടെ തലവന് ആശംസകൾ ഇതിനോടകം അറിയിച്ചിട്ടുണ്ട്.

## എഡിറ്റോറിയൽ

ആഗോള സഭ പന്തക്കുസ്താ തിരുനാളിനൊരുങ്ങിയ നാളുകളായിരുന്നു കഴിഞ്ഞ ദിവസങ്ങൾ. ഈ അവസരത്തിൽ ഭാരതത്തിൽ കോവിഡിന്റെ രണ്ടാം തരംഗം മൂലം ഓക്സിജൻ ലഭിക്കാതെയും ചികിത്സാ സംവിധാനങ്ങളുടെ അഭാവം മൂലവും ജീവൻ നഷ്ടമാകുന്നവരുടെ നിര ഉയരുകയാണ്. ബ്ലാക്ക് ഫംഗസ്, വൈറ്റ് ഫംഗസ് തുടങ്ങിയ കോവിഡാനന്തര രോഗങ്ങളും പെരുകുന്നു. രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളും ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ രാജ്യം അടിയന്തിരാവസ്ഥയ്ക്കു സമാനമായ അന്തരീക്ഷത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ കാലഘട്ടത്തിൽ സർക്കാർ നല്കുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കുവാൻ നമ്മൾ ബാധ്യസ്ഥരാണ്. രാജ്യത്തിന്റെ അതിർത്തികൾവരെയും സധൈര്യം സുവിശേഷം പ്രസംഗിക്കാൻ തക്കവിധം ശ്ലീഹന്മാരെ ശക്തരാക്കിയ ആശ്വാസകനായ പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ചത് പന്തക്കുസ്താ ദിനത്തിലായിരുന്നുവല്ലോ. ആ ദിനത്തിന്റെ ഓർമ്മകളോട് ചേർന്നുനിന്നു ലോക്ക്ഡൗൺ സാഹചര്യത്തോട് ക്രിയാത്മകമായി സഹകരിച്ചുകൊണ്ട് ആത്മീയ ഉണർവ്വോടെയും ഊർജ്ജസ്വലതയോടും കൂടി അനുദിന ജീവിതക്രമങ്ങളിലേക്ക് തിരിച്ചിറങ്ങാൻ നമുക്കു സാധിക്കട്ടെ.

ഹമാസ് തീവ്രവാദികളുടെ ആക്രമണത്തിൽ ജീവൻ നഷ്ടമായ ഇടുക്കിയിലെ കീരിത്തോട് സ്വദേശിനി സൗമ്യയുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നതിനോടൊപ്പം തന്നെ യുദ്ധസമാനമായ അന്തരീക്ഷത്തിൽ ജീവിക്കേണ്ടിവരുന്ന പാലസ്തീൻ-ഇസ്രായേൽ ജനതയ്ക്ക് സമാധാനപൂർണ്ണമായ ജീവിതം നയിക്കുവാൻ ദൈവാനുഗ്രഹമുണ്ടാകട്ടെ. ഭാരതത്തിലെ വിവിധ മിഷൻ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന ഏകദേശം 300നടുത്ത് വൈദികരും സിസ്റ്റേഴ്സും ഇതിനകം കോവിഡുമൂലം മരണമടഞ്ഞു കഴിഞ്ഞു. കെസിബിസിയുടെ നേതൃത്വത്തിൽ ഹെൽത്ത് കിറ്റും സൗജന്യ ടെലിമെഡിക്കൽ കൺസൾട്ടേഷൻ സൗകര്യവും മാനസികാരോഗ്യ കൗൺസിലിംഗ് സൗകര്യവും ഉൾപ്പെടുന്ന കോവിഡ് പ്രതിരോധ നടപടികളുമായി നിരവധി സന്നദ്ധപ്രവർത്തകർ ഊർജ്ജസ്വലരായി മുൻപന്തിയിലുള്ളത് അഭിനന്ദനാർഹമാണ്. കേരളത്തിലങ്ങോളമിങ്ങോളം കത്തോലിക്കാ സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ആശുപത്രികൾ മെഡിക്കൽ സഹായങ്ങളുമായി മുന്നോട്ടു വന്നിരിക്കുന്നത് ആശ്വാസകരമാണ്. യുവവൈദികരുടെയും യുവജനങ്ങളുടെയും നേതൃത്വത്തിൽ സമരിറ്റൻ സേന, ടാസ്ക് ഫോഴ്സ് എന്നിങ്ങനെയുള്ള മുന്നേറ്റങ്ങൾ മരണാനന്തര കർമ്മങ്ങൾ നിർവ്വഹിക്കുന്നത് പ്രശംസനീയാണ്.

കേരളത്തിൽ എൽഡിഎഫ് പാർട്ടിയുടെ നേതൃത്വത്തിൽ പുതുമുഖങ്ങൾക്ക് പ്രാധാന്യം നല്കികൊണ്ടുള്ള പുതിയ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റിരിക്കുന്നത് ഏറെ പ്രതീക്ഷയോടെയാണ് നമ്മൾ നോക്കികാണുന്നത്. ടൗട്ടേ കൊടുംകാറ്റിൽ ജീവനും സ്വത്തും നഷ്ടപ്പെട്ട സാഹചര്യത്തിൽ അവരുടെ സങ്കടങ്ങളിൽ കൈത്താങ്ങാവുന്ന പ്രവർത്തനങ്ങളുമായി നിരവധി സംഘടനകൾ മുന്നോട്ടു വരുന്ന വാർത്തകളും സന്തോഷം പകരുന്നതാണ്. അതോടൊപ്പം തന്നെ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിക്കേണ്ട മേഖലയാണിതെന്നുകൂടി ഓർമ്മിപ്പിക്കുന്നു.

കോവിഡുകാലത്ത് പ്രത്യേകിച്ച് കുടുംബങ്ങളിൽ നിലനില്ക്കേണ്ട മാനസീകാരോഗ്യത്തെ ഓർമ്മിപ്പിക്കുന്ന ചങ്ങനാശ്ശേരി സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിലിന്റെ ലേഖനം ഈ ലക്കത്തിന്റെ പ്രത്യേകതയാണ്. ക്രൈസ്തവ-ഇസ്ലാം മതവിശ്വാസങ്ങളിലെ അടിസ്ഥാനപരമായ വ്യത്യാസങ്ങളെ സൂചിപ്പിച്ചുകൊണ്ടുള്ള സീറോമലബാർ മതബോധന കാര്യാലയത്തിന്റെ പ്രസ്താവനയും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോവിഡുകാല പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനുവേണ്ടി രൂപതാ നേതൃത്വത്തിലും സമർപ്പിത സമൂഹങ്ങളുടെ നേതൃത്വത്തിലും നടത്തുന്ന നിരവധി പ്രവർത്തനങ്ങളുടെ വാർത്തകൾ ഈ ലക്കത്തിലുണ്ട്. നന്മയുടെ നാമ്പുകൾ കോർത്തിണക്കി സീറോമലബാർ സമൂഹം നടത്തുന്ന ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏവർക്കും പ്രചോദനമാകട്ടെ.

ക്രിസ്തുവിലൂടെ പ്രകാശിതമായ സത്യത്തിന്റെയും സ്നേഹത്തിന്റെയും ശക്തിയാണ് പരിശുദ്ധാത്മാവ്. ഈ ആത്മാവിന്റെ ശക്തി സ്വീകരിച്ച് ദൈവസ്നേഹം പ്രഘോഷിക്കുവാനും അതിന് സാക്ഷ്യം വഹിക്കുവാനും നിയോഗം ലഭിച്ചിട്ടുള്ളവരാണ് ക്രിസ്തുശിഷ്യർ. ബഹുമാന്യരായ എല്ലാ വായനക്കാർക്കും സീറോമലബാർ വിഷന്റെ പന്തക്കുസ്താതിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു!



**ഫാ. അലക്സ് ഓണംപള്ളി**
ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ


# സീറോമലബാർ വിഷൻ

PATRON
MAJOR ARCHBISHOP CARDINAL MAR GEORGE ALENCHERRY

CHIEF EDITOR
FR. ALEX ONAMPALLY
SECRETARY, MEDIA COMMISSION

ASSOCIATE EDITOR
FR. ABRAHAM KAVILPURAYIDATHIL
PRO, VICE-CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

DESIGN & LAYOUT
JOSEMON VAZHAYIL
MUMBAI


ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION

MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION

MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION

EDITORIAL TEAM
DR. KOCHURANI JOSEPH
DR. CHACKO KALAMPARAMBIL
DR. MARY REGINA F.
MR. SIJO AMBATT


# അനുശോചനസന്ദേശം



പാലസ്തീൻ-ഇസ്രായേൽ സംഘട്ടനത്തിൽ ഷെല്ലാക്രമണം മൂലം മരണമടഞ്ഞ സൗമ്യക്ക് സഭയുടെ പേരിൽ ഞാൻ അനുശോചനം അറിയിക്കുകയും ബന്ധപ്പെട്ട ഏവരുടെയും ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

ഇസ്രായേലിലെ ഒരു വീട്ടിൽ കെയർടേക്കറായി ജോലി ചെയ്തിരുന്ന സൗമ്യ ഇപ്രകാരം ദാരുണമായ രീതിയിൽ മരണപ്പെടുമെന്ന് ആരും ചിന്തിച്ചിരുന്നില്ല. രാഷ്ട്രീയലക്ഷ്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഭരണാധികാരികൾ നടത്തുന്ന ഇത്തരം യുദ്ധങ്ങളിൽ നിരപരാധികളും നിസ്സഹായരുമായ മനുഷ്യരുടെ ജീവനാണു ഹാനി സംഭവിക്കുന്നത്. സൗമ്യയുടെ മരണവും ഇതിനുദാഹരണമാണ്. ഇപ്രകാരം യുദ്ധങ്ങളിൽ കൊല്ലപ്പെടുന്ന ഓരോ വ്യക്തിയോടും ബന്ധപ്പെട്ട കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും സഹിക്കേണ്ടിവരുന്ന യാതനകൾ ആർക്കു ഗ്രഹിക്കാൻ കഴിയും? യുദ്ധം ഏതു കക്ഷികൾ തമ്മിലായാലും മനുഷ്യൻ ചെയ്യുന്ന തിന്മയാണ്. യുദ്ധംകൊണ്ട് ആരും ഒന്നും നേടുന്നില്ല. അവശേഷിക്കുന്നത് നഷ്ടങ്ങൾ മാത്രം. സൗമ്യയുടെ മരണവും ഈ വസ്തുത തെളിയിക്കുന്നു.

താൻ ശുശ്രൂഷിച്ചിരുന്ന വയോധികയുടെ സംരക്ഷണത്തിനായി തന്റെ സമയവും കഴിവുകളും സൗമ്യ വിനിയോഗിച്ചുവരികയായിരുന്നു. മരണത്തിന്റെ കരിനിഴൽ വീശിയപ്പോഴും തന്റെ സമർപ്പണത്തിന് ഒരു കുറവും വരുത്താതെ അവരോടൊപ്പം സൗമ്യ നിലകൊണ്ടു. ഓടിരക്ഷപ്പെടാൻ നോക്കിയില്ലെന്നു മാത്രമല്ല, തന്റെ ശുശ്രൂഷ അവസാനം വരെ നിർവ്വഹിച്ചുകൊണ്ടു മരണം കൈവരിക്കുകയും ചെയ്തു.

കാരുണ്യവാനായ കർത്താവു സൗമ്യയ്ക്കു നിത്യശാന്തിയും ഭർത്താവ് സന്തോഷിനും ഏകമകൻ അഡോണിനും സൗമ്യയുടെയും സന്തോഷിന്റെയും മാതാപിതാക്കൾക്കും മറ്റു കുടുംബാംഗങ്ങൾക്കും തുടർന്നുള്ള ജീവിതത്തിൽ അനുഗ്രഹവും സംരക്ഷണവും നൽകുമാറാകട്ടെ.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്

# ഈ മരണം വല്ലാതെ വേദനിപ്പിക്കുന്നത്: മാർ ജോൺ നെല്ലിക്കുന്നേൽ



ചെറുതോണി: ഇസ്രായേലിൽ ഹമാസ് തീവ്രവാദികളുടെ റോക്കറ്റാക്രമണത്തിൽ കൊല്ലപ്പെട്ട കീരിത്തോട് സ്വദേശിനി സൗമ്യ സന്തോഷിന്റെ സംസ്കാര ശുശ്രൂഷകൾ ഇടുക്കി രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേലിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. 'ഈ മരണം ഏറെ വേദനിപ്പിക്കുന്നു. ഇതിന്റെ പശ്ചാത്തലം ഏറെ നടുക്കം ഉളവാക്കുന്നതാണ്' എന്ന് അനുശോചന പ്രസംഗത്തിനിടെ അദ്ദേഹം പറഞ്ഞു. ഭർത്താവ് സന്തോഷിനെയും മകൻ കുഞ്ഞു മത്തായിച്ചനെയും ബന്ധുമിത്രാദികളെയും ബിഷപ് അനുശോചനം അറിയിച്ചു.

ഇസ്രയേലും ഹമാസും തമ്മിലുള്ള സംഘർഷം വളരെ രൂക്ഷമായി തന്നെ തുടരുകയാണ്. ആക്രമണത്തിലും പ്രത്യാക്രമണത്തിലുമായി നിരവധി പേർക്ക് ജീവൻ നഷ്ടമായി. കൊല്ലപ്പെട്ടവരിൽ നിരവധി പിഞ്ചുകുഞ്ഞുങ്ങളും ഉണ്ട്. വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനങ്ങൾവഴി അനേകായിരങ്ങൾക്കാണ് ജീവൻ നഷ്ടമാകുന്നത്. ഗാസയിൽ സമാധാനം സംജാതമാകാനും പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കാനും ലോകരാഷ്ട്രങ്ങളുടെ ശക്തമായ ഇടപെടൽ അനിവാര്യമാണ്. സൗമ്യയുടെ ഭൗതിക ശരീരം ജന്മനാട്ടിൽ എത്തിക്കാൻ ഏറെ ജാഗ്രത പുലർത്തിയ ഇസ്രായേൽ, ഇന്ത്യൻ എംബസികളെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളെയും ഉദ്യോഗസ്ഥരെയും മാർ നെല്ലിക്കുന്നേൽ നന്ദി അറിയിച്ചു. കീരിത്തോട് നിത്യ സഹായമാതാ പള്ളിയിൽ സംസ്കാര ശുശ്രൂഷക്കിടെ സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അനുശോചന സന്ദേശം രൂപത വികാരി ജനറൽ മോൺ. ജോസ് പ്ലാച്ചിക്കൽ വായിച്ചു.



# ഫാ. ഡൊമിനിക് ഫെർണാണ്ടസ് വൈദികപരിശീലന രംഗത്ത് മഹത്തായ സംഭാവനകൾ നൽകിയ മിഷനറി: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കാക്കനാട്: വൈദിക പരിശീലന രംഗത്ത് മഹത്തായ സംഭാവനകൾ നൽകിക്കൊണ്ട് ഒരു കാലഘട്ടത്തിലെ വൈദികരെ രൂപപ്പെടുത്തിയ മിഷനറി വൈദികനാണ് റവ. ഡോ. ഡൊമിനിക് ഫെർണാണ്ടസെന്ന് കെസിബിസി പ്രസിഡണ്ടും ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ചാൻസലറുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി പ്രഫസർ, റെക്ടർ, ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡണ്ട് എന്നീ നിലകളിൽ രണ്ടര പതിറ്റാണ്ടു കാലം സ്തുത്യർഹമായ സേവനം ചെയ്ത കർമ്മലീത്താ വൈദികന്റെ നിര്യാണത്തെത്തുടർന്നുള്ള അനുശോചന സന്ദേശത്തിലാണ് കർദിനാൾ ഇക്കാര്യം അനുസ്മരിച്ചത്.

1954 മുതൽ 1978 വരെയുള്ള കാലഘട്ടത്തിൽ ഫാ. ഡൊമിനിക് ഫെർണാണ്ടസിന്റെ സേവന രംഗം ആലുവ സെമിനാരിയായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ സെമിനാരി പരിശീലനം കാലാനുസൃതമായി പ






രിഷ്കരിക്കുവാൻ അദ്ദേഹം ശ്രദ്ധ പതിപ്പിച്ചു. വൈദിക വിദ്യാർത്ഥികൾ ദൈവവിശ്വാസത്തിലും സഭാ സ്നേഹത്തിലും വളരുന്നതോടൊപ്പം ഭൗതിക മേഖലകളിലും കഴിവുള്ളവരായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ആലുവ സെമിനാരിയോട് ചേർന്ന് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനു അദ്ദേഹം നൽകിയ നേതൃത്വം ഒരുദാഹരണം മാത്രമാണ്. സെമിനാരി വിദ്യാർത്ഥികളെ കലാകായിക രംഗങ്ങളിൽ പ്രവീണരാക്കുന്നതിന് യൂണിവേഴ്സിറ്റി കോളേജുകളോട് ചേർന്ന് അദ്ദേഹം പരിശ്രമിച്ചു.

ഈ നാടിന്റെ സംസ്കാരം വളർത്തുന്നതിൽ അദ്ദേഹം ശ്രദ്ധ ചെലുത്തിയിരുന്നു. ബഹു. ജോൺ ജോസഫ് അച്ചൻ, ധന്യനായ സഖറിയാസ് അച്ചൻ, ധന്യനായ ഔറേലിയൂസ് അച്ചൻ, ബഹു. മൈക്കലാഞ്ചലോ അച്ചൻ എന്നീ പ്രഗൽഭരായ കർമ്മലീത്താ വൈദികരുടെ നിലയിൽ നിൽക്കുന്നു ബഹു. ഡൊമിനിക് അച്ചൻ. കർമ്മലീത്ത വൈദികർ കേരളത്തിലെ സഭയുടെ വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. ബഹു. ഡൊമിനിക്കച്ചന്റെ സേവനങ്ങളും അതോടൊപ്പം എക്കാലവും സ്മരിക്കപ്പെടുമെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. ബഹു. ഡൊമിനിക് അച്ചൻ റെക്ടറും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡണ്ടുമായിരുന്ന കാലഘട്ടത്തിൽ അവിടെ വൈദിക പരിശീലന നേടുവാനും, പുതിയ ഇൻസ്റ്റ്യറ്റൂട്ടിന്റെ ആദ്യത്തെ ബാച്ചിൽ ഒരാളായി ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം പൂർത്തിയാക്കാനും സാധിച്ചത് ഒരു വലിയ ഭാഗ്യമായി കരുതുന്നുവെന്നും കർദിനാൾ ആലഞ്ചേരി അനുസ്മരിച്ചു.

## ഫാ. ഡൊമിനിക് ഫെർണാണ്ടസ് ഒ.സി.ഡി. (1924–2021) നിര്യാതനായി



സ്പെയിനിലെ അസസേത്താ എന്ന സ്ഥലത്ത് 1924 സെപ്റ്റംബർ 26-ന് ജനിച്ചു. 1954 ഓഗസ്റ്റ് 10-ന് ബൊംബെയിലെത്തി. ഓഗസ്റ്റ് 13-ന് ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ അദ്ധ്യാപകനായി നിയമിതനായി. 1955 മുതൽ 1962 വരെ അദ്ദേഹം പ്രിഫെക്റ്റ് ആയിരുന്നു. 1955 മുതൽ 1956 വരെ ലൈബ്രറിയുടെ ചുമതലകൾ വഹിച്ചു. 1965–1967 കാലഘട്ടങ്ങളിൽ അദ്ദേഹം സെമിനാരിയുടെ വൈസ് റെക്ടറായിരുന്നു. തുടർന്ന് 1965 ജൂലൈ 5 മുതൽ 1975 മെയ് 31 വരെ സെമിനാരിയുടെ റെക്ടറായി സേവനം ചെയ്തു. പിന്നീട് സ്വദേശമായ സ്പെയിനിലേയ്ക്ക് മടങ്ങി. സ്പെയിനിലെ കർമ്മലീത്ത നവാര പ്രോവിൻസിന്റെ പ്രോവിൻഷ്യാളായി മൂന്നു പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ടു. സ്പെയിനിലെ നവാര പ്രൊവിൻസിന്റെ വിത്തോറിയായിലുള്ള ഭവനത്തിൻ വിശ്രമജീവിതം നയിക്കുകയായിരുന്നു. മൃതസംസ്കാരകർമ്മം മെയ് 17-ന് തിങ്കളാഴ്ച രാവിലെ 11.30-ന് സ്പെനിലെ വിത്തോറിയായിൽ നടത്തപ്പെട്ടു.

# ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ദൈവവിളി വാരാചരണവും പ്രഭാഷണ പരമ്പരയും ദൈവവിളി സർവേയും സംഘടിപ്പിച്ചു

മാനന്തവാടി: മെയ് 3 സാർവത്രിക സഭയിൽ ദൈവവിളി ദിനമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻ ലീഗ് മേയ് 1 മുതൽ 7 വരെ ദൈവവിളി വാരം ആചരിച്ചു. ഇതിന്റെ ഭാഗമായി ചെറുപുഷ്പ മിഷൻ ലീഗിന്റെയും മീഡിയ കമ്മീഷന്റെയും യൂട്യൂബ് ചാനലുകളിലൂടെ 'നസ്രായൻ വിളിക്കുന്നു' എന്ന പേരിൽ പ്രഭാഷണ പരമ്പര അവതരിപ്പിച്ചു. വർത്തമാനത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്കും ഭാവിയുടെ സാധ്യതകളിലേക്കും ക്രിസ്തുവിന്റെ പ്രകാശം പ്രതിഫലിപ്പിക്കുവാൻ ഇനിയും അനേകർ കടന്നു വരേണ്ടതുണ്ട് എന്ന ബോധ്യത്തിൽ നിന്നാണ് ഈ പരമ്പരയ്ക്ക് തുടക്കം കുറിച്ചത്. രൂപതാ ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്ത ദൈവവിളി വാരത്തിൽ പൗരോഹിത്യം, സന്യാസം, കുടും ബജീവിതം തുടങ്ങിയ വിളികളെ കുറിച്ചുള്ള പ്രഭാഷണ ങ്ങൾ ഉണ്ടായിരുന്നു. കൂടാതെ പൗരോഹിത്യ-സന്യാസ പരിശീലനങ്ങളെ കുറിച്ചുള്ള ചിന്തകളും ഉൾപ്പെടുത്തിയിരുന്നു. ഫാ. ജെൻസൺ ലാസലേറ്റ്, സി. സിനി മരിയ CMC, ഷാജി ചന്ദനപറമ്പിൽ, ബ്ര. അമൽ ഏറത്ത്, അഞ്ജന കെ. ജോമോൻ SKD, ഫാ. തോമസ് കച്ചിറയിൽ എന്നിവരാണ് പ്രഭാഷണങ്ങൾ അവതരിപ്പിച്ചത്. അതോടൊപ്പം യുവജനങ്ങൾക്കായി സംഘടിപ്പിച്ച ഓൺലൈൻ സർവ്വേ, പൗരോഹിത്യ - സമർപ്പണ ജീവിതത്തോടുള്ള യുവസമൂഹത്തിന്റെ







കാഴ്ചപ്പാടുകളെ സംബന്ധിച്ച ഉൾക്കാഴ്ചകൾ നല്കുന്നവയായിരുന്നു. സർവ്വേക്ക് മികച്ച പ്രതികരണമാണ് യുവസമൂഹത്തിൽ നിന്നും ലഭിച്ചതെന്ന് CML രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ, സെക്രട്ടറി സജീഷ് ഇടതട്ടേൽ, ലിന്റോ പാട്ടാശ്ശേരി എന്നിവർ അറിയിച്ചു.

# ഫാ. ജോൺ തെക്കേക്കര ബാംഗ്ലൂർ സെന്റ് ജോൺസ് അസോസിയേറ്റ് ഡയറക്ടർ

ബാംഗ്ലൂർ: സെന്റ് ജോൺസ് നാഷണൽ അക്കാഡമി ഓഫ് ഹെൽത്ത് സയൻസിന്റെ അസോസിയേറ്റ് ഡയറക്ടറായി ചങ്ങനാശേരി അതിരൂപതാംഗമായ റവ. ഡോ. ജോൺ തെക്കേക്കരയെ സിബിസിഐ നിയമിച്ചു. ആയിരത്തഞ്ഞൂറിലധികം കിടക്കകളും അത്യാധുനിക സംവിധാനങ്ങളുമുള്ള ആശുപത്രിയുടെയും മെഡിക്കൽ കോളേജിന്റെയും ചുമതലയാണ് കോവിഡിന്റെ അടിയന്തര പശ്ചാത്തലത്തിൽ ഫാ. ജോൺ ഏറ്റെടുക്കുന്നത്. സിബിസിഐയുടെ നേരിട്ടുള്ള നിയന്ത്രണത്താലാണ് ഈ പ്രസ്ഥാനം പ്രവർത്തിക്കുന്നത്.



ചങ്ങനാശേരി ഇത്തിത്താനം ഇടവക തെക്കേക്കര വർഗീസ് - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി ജനിച്ച ഫാ. ജോൺ 1997-ൽ മാർ ജോസഫ് പൗവ്വത്തിൽ പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. വിവിധ ഇടവകകളിലും യുവദീപ്തി അതിരൂപതാ ഡയറക്ടർ, ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ അസി. ഡയറക്ടർ തുടങ്ങി വിവിധ നിലകളിൽ സേവനം അനുഷ്ഠിച്ചു. ഹെൽത്ത് സിസ്റ്റംസ് മാനേജ്മെന്റിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം ബാംഗ്ലൂർ സെന്റ് ജോൺസിൽ തന്നെ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഹെഡ് ആയി സേവനം അനുഷ്ഠിച്ചു വരവേയാണ് പുതിയ നിയമനം.

# കോവിഡ് ആക്ഷൻ ഫോഴ്സുമായി കത്തോലിക്കാ കോൺഗ്രസ്

കൊച്ചി: കോവിഡ് പ്രതിസന്ധി രൂക്ഷമാകുന്ന പശ്ചാത്തലത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കോവിഡ് സന്നദ്ധ പ്രവർത്തനങ്ങൾ ശക്തമാക്കാനായി സിസി ഹെൽപിംഗ് ഹാൻഡ്സ് എന്നപേരിൽ കോവിഡ് ആക്ഷൻ ഫോഴ്സിനു രൂപം നൽകി. കേരളത്തിലെ മുഴുവൻ രൂപതകളിലും സജീവമായ സാമൂഹ്യസേവന സഹായങ്ങൾ നൽകുക എന്നതാണ് ആക്ഷൻ ഫോഴ്സിന്റെ ലക്ഷ്യം. ഇതിനായി യൂണിറ്റ്, രൂപത, ഗ്ലോബൽ തലങ്ങളിൽ കമ്മറ്റികൾക്ക് രൂപം കൊടുക്കുകയും വോളണ്ടിയർ ടീം പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ഫുഡ് ആൻഡ് മെഡിസിൻ ചലഞ്ച്, ടെലി-കൗൺസിലിങ്, എമർജൻസി വെഹിക്കിൾ സർവീസ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ, കോവിഡ് കെയർ സെന്റർ, വാക്സിനേഷൻ ബൂസ്റ്റർ സ്കീം തുടങ്ങി വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ആക്ഷൻ കൗൺസിൽ നടത്തിവരുന്നത്. ഈ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കാൻ ഗ്ലോബൽ തലത്തിൽ 251 അംഗങ്ങളുള്ള ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു.

ഇടവകകൾ കേന്ദ്രീകരിച്ച് ഭക്ഷണമില്ലാത്ത നിർധനരായ ആളുകളെ കണ്ടെത്തി അവർക്ക് ഭക്ഷണ സൗകര്യം ഒരുക്കുക, കോവിഡ് ബാധിതരുടെ കുടുംബങ്ങളിൽ മെഡിക്കൽ കിറ്റ് വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. കോവിഡ് ആക്ഷൻ ഫോഴ്സിന്റെ ഉദ്ഘാടനം ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. ഗ്ലോബൽ പ്രസിഡന്റ് അഡ്വക്കേറ്റ് ബിജു പറയന്നിലം അധ്യക്ഷത വഹിച്ച യോഗത്തിൽ ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. റോട്ടറി ഗവർണർ സുനിൽ കെ തോമസ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് സെമിനാർ നയിച്ചു.

# സീറോമലബാർ സോഷ്യൽ മിനിസ്ട്രി അവാർഡ് നോമിനേഷനുകൾ ക്ഷണിച്ചു

കാക്കനാട്: സീറോമലബാർ സഭയുടെ സാമൂഹ്യ വികസന സംവിധാനമായ സ്പന്ദന്റെ ആഭിമുഖ്യത്തിൽ അതിന്റെ രണ്ടാമത് സീറോമലബാർ സോഷ്യൽ മിനിസ്ട്രി അവാർഡുകൾക്കുള്ള നോമിനേഷനുകൾ ചെയർമാൻ മാർ പോളി കണ്ണൂക്കാടൻ പിതാവ് ക്ഷണിച്ചു. 2021 ജനുവരിയിൽ നടന്ന സീറോമലബാർ സഭാ സിനഡിന്റെ തീരുമാനപ്രകാരം സ്പന്ദൻ വൈസ്ചെയർമെൻ മാർ ആൻറണി കരിയിൽ, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാക്കന്മാരുടെ നേതൃത്വത്തിൽ സീറോമലബാർ രൂപതകളുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർമാരുടെ ഫെബ്രുവരി 19-ന് നടന്ന ഓൺലൈൻ മീറ്റിംഗിലാണ് അവാർഡുകൾക്കുള്ള നോമിനേഷനുകൾ ക്ഷണിച്ചത്. 2017 ജനുവരി 17-നാണ് പ്രഥമ സോഷ്യൽ മിനിസ്ട്രി അവാർഡ് ദാനച്ചടങ്ങ് നടന്നത്.

ചിക്കാഗോയിലുള്ള സീറോമലബാർ സെന്റ് തോമസ് കത്തോലിക്കാ രൂപതയുടെ ചിക്കാഗോ സോഷ്യൽ മിനിസ്ട്രി സ്പോൺസർ ചെയ്യുന്ന ഈ അവാർഡ്, സീറോമലബാർ രൂപതകളിൽ ഏറ്റവും മാതൃകാപരമായ സാമൂഹ്യ ശുശ്രൂഷ ചെയ്യുന്ന സീറോമലബാർ സഭാംഗങ്ങൾക്കായാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യയിൽ മാതൃകാപരമായ സാമൂഹ്യ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു രൂപതാ വൈദികൻ, ഒരു സന്യാസിനി / സന്യാസി, ഒരു അല്മായൻ എന്നിങ്ങനെ മൂന്ന് പേരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. 2021 ഓഗസ്റ്റിൽ നടക്കാനിരിക്കുന്ന സീറോമലബാർ സഭാ സിനഡിൽ വച്ച് നടത്തപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള അവാർഡ് ദാന ചടങ്ങിലേക്കുള്ള നോമിനേഷനുകൾ ക്ഷണിച്ചുകൊണ്ടുള്ള കത്ത് ഇമെയിൽ മുഖാന്തിരം എല്ലാ രൂപതകളിലേക്കും നല്കിയിട്ടുണ്ട്. മേയ് 31-നകം നോമിനേഷനുകൾ

The Chief Coordinator, SPANDAN, Mount St. Thomas, PB No. 3110, Kakkanad, Cochin - 682 030 എന്ന അഡ്രസ്സിലോ, spandansyromalabar@gmail.com എന്ന ഇമെയിലിലോ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: Fr. Jacob Mavunkal, Chief Coordinator, Ph: 9495510395

## സഭാ വാർത്തകൾ

# ഫാ. സിബി മാത്യു പീടികയിൽ ഐതപ്പെ രൂപതാ മെത്രാൻ




കോട്ടയം: പാപ്പുവ ന്യൂഗിനിയയിലെ ഐതപ്പെ കത്തോലിക്കാ രൂപതയുടെ ബിഷപ്പായി ഹെറാൾഡ് ഓഫ് ഗുഡ് ന്യൂസ് സന്യാസ സമൂഹാംഗമായ ഫാ. സിബി മാത്യു പീടികയിലിനെ (50) ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിലെ പെരുവന്താനം അഴങ്ങാട് ഇടവക പീടികയിൽ മാത്യു വർക്കിയുടെയും ഈഴോർമറ്റം കുടുംബാംഗം അന്നക്കുട്ടിയുടെയും മൂന്നാമത്തെ പുത്രനാണ്. മേലോരം സെന്റ് മരിയാ ഗൊരേത്തി യു.പി. സ്കൂളിലെയും തെക്കേമല സെന്റ് മേരീസ് ഹൈസ്കൂളിലെയും പഠനത്തെ തുടർന്ന് ആന്ധ്രയിലെ കുരുക്കുരുവിലുള്ള മൈനർ സെമിനാരി, ജ്ഞാനംപെട്ട് വിജ്ഞാന നിലയം, റാഞ്ചി സെന്റ് ആൽബർട്ട്സ് എന്നിവിടങ്ങളിലായി വൈദികപരിശീലനം പൂർത്തിയാക്കി. 1995-ൽ വൈദികപട്ടം സ്വീകരിച്ചു.

ആന്ധ്രപ്രദേശിലെ കമ്മം സെന്റ് ജോസഫ് മേജർ സെമിനാരിയുടെ പ്രൊക്കുറേറ്ററും ആധ്യാത്മിക കാര്യങ്ങളുടെ ചുമതലകാരനുമായി നിയമിതനായ അദ്ദേഹം 1998-ൽ പാപ്പുവ ന്യൂഗിനിയയിലേക്ക് അയക്കപ്പെട്ടു. 2004-ൽ മടങ്ങിയെത്തി കമ്മം മേജർ സെമിനാരി റെക്ടറായും പലേഗുഡം പള്ളി വികാരിയായും ചുമതല വഹിച്ചു. തുടർന്ന് ഹെറാൾഡ് ഓഫ് ഗുഡ് ന്യൂസ് പ്രൊവിൻഷ്യൽ സുപ്പീരിയറായി 2008 മുതൽ 2014 വരെ ശുശ്രൂഷ നിർവ്വഹിച്ചു.

2014-ൽ പാപ്പുവ ന്യൂഗിനയിലെത്തിയ അദ്ദേഹം വാനിമോ രൂപത വികാരി ജനറാൾ, വിവിധ സെമിനാരികളിൽ പ്രഫസർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തുവരികെയാണ് ഐതപ്പെ രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടിരിക്കുന്നത്. ലോകത്തിലെ രണ്ടാമത്തെ വലിയ ദ്വീപസമൂഹമാണ് പാപ്പുവ ന്യൂഗിനിയ. മെത്രാഭിഷേക തീയതി പിന്നീട് നിശ്ചയിക്കും. ജോസ് മാത്യു, ആൻസി ജോസ്, ബിൻസി സാബു, ജൂലി ജോസുകുട്ടി, ടിജോ മാത്യു എന്നിവരാണ് സഹോദരങ്ങൾ.

## ആശംസകളുമായി കാഞ്ഞിരപ്പള്ളി രൂപത

കാഞ്ഞിരപ്പള്ളി: പാപ്പുവ ന്യൂഗിനിയയിലെ ഐതപ്പെ രൂപതാധ്യക്ഷനായി നിയമിതനായ ഫാ. സിബി മാത്യു പീടികയിലിന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കലും മുൻ മേലധ്യക്ഷൻ മാർ മാത്യു അറയ്ക്കലും പ്രാർത്ഥനാശംസകൾ നേർന്നു. കാഞ്ഞിരപ്പള്ളി രൂപതയിലെ അഴങ്ങാട് ഇടവകാംഗമായ ഫാ. സിബി പീടികയിലിന്റെ നിയമനം ഹെറാൾഡ് ഓഫ് ഗുഡ് ന്യൂസ് സഭാസമൂഹത്തിനൊപ്പം മാതൃരൂപതയ്ക്കും അഭിമാനം പകരുന്നതാണെന്ന് മാർ ജോസ് പുളിക്കലും മാർ മാത്യു അറയ്ക്കലും പറഞ്ഞു. നിയുക്ത മെത്രാനെ ഇരുവരും ഫോണിൽ വിളിച്ച് അനുമോദനം അറിയിച്ചു.



# ആരോഗ്യം

## മനസ്സിന്റെയും ആത്മാവിന്റെയും



**മാർ തോമസ് തറയിൽ**
സഹായ മെത്രാൻ, ചങ്ങനാശ്ശേരി അതിരൂപത

ചില കുടുംബങ്ങളിൽ അൽപനേരം ചെലവഴിച്ചാൽ ഒത്തിരി ഹൃദ്യത തോന്നും. എന്നാൽ മറ്റു ചില ഭവനങ്ങളിലോ, നമുക്ക് എങ്ങനെയെങ്കിലും അവിടെ നിന്ന് രക്ഷപ്പെടണം എന്ന് തോന്നും. കുടുംബാന്തരീക്ഷം അവിടുത്തെ മാനസികാരോഗ്യത്തെ വെളിവാക്കും. ആരോഗ്യകരമായ മാനസിക, ആത്മീയജീവിതം നല്ല കുടുംബബന്ധങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. ശരീരത്തിന്റെ ആരോഗ്യം സംരക്ഷിക്കാൻ ഭക്ഷണം, വ്യായാമം, ചില ചിട്ടകൾ ഇവയെല്ലാം നാം പാലിക്കും. മനസ്സിന്റെയും അതിലുപരി ആത്മാവിന്റെയും ആരോഗ്യം പരിരക്ഷിക്കാൻ നാം എന്ത് ചെയ്യുന്നു എന്ന ചോദ്യം പ്രസക്തമാണ്. ജീവിതത്തിന്റെ ആകുലതകളിലും വ്യഥകളിലും മുഴുകി നിഷേധ ചിന്തകളും വെറുപ്പും വിദ്വേഷവുമൊക്കെയായി ജീവിക്കുമ്പോൾ മാനസികവും ആത്മീയവുമായ ആരോഗ്യം നഷ്ടപ്പെടുന്നു.

### മാനസികാരോഗ്യത്തിന്റെ പ്രാധാന്യം

വൈകാരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ് മാനസികാരോഗ്യം. എല്ലാവർക്കും വിവിധ അളവുകളിൽ മാനസികാരോഗ്യമുണ്ട്. വൈകാരികതയെയും ചിന്തയെയും പ്രവർത്തനങ്ങളെയുമെല്ലാം ബാധിക്കുമെന്നതിനാൽ മാനസിക പക്വത ഏറെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ബന്ധങ്ങളെയും തിരഞ്ഞെടുപ്പുകളെയും ഇത് ബാധിക്കുന്നു. ഒരു വ്യക്തിയുടെ മാതാപിതാക്കളുടെ മാനസികാരോഗ്യവും ജീവിതത്തിലുണ്ടായിട്ടുള്ള ദുരുപയോഗങ്ങൾ പോലുള്ള ജീവിതാനുഭവങ്ങളും കുടുംബത്തിലെ മാനസികാരോഗ്യചരിത്രവുമൊക്കെ ഒരുവന്റെ മാനസികപക്വതയെ സ്വാധീനിക്കുന്നു. ശാരീരികാരോഗ്യം വർധിപ്പിക്കാൻ ടോണിക്കുകൾ കഴിക്കാം. മരുന്നു കഴിച്ചു രോഗപ്രതിരോധ ശക്തി കൂട്ടാം. എന്നാൽ മാനസികാരോഗ്യം വർദ്ധിപ്പിക്കാൻ എന്താണ് മാർഗം? വഴിയെ പോകുന്ന പ്രശ്നങ്ങൾ പോലും എന്റെ മാനസിക ആരോഗ്യത്തെ സ്വാധീനിക്കും എന്നിരിക്കെ മാനസിക പ്രതിരോധശക്തി കൂട്ടാൻ എനിക്ക് എന്ത് ചെയ്യാൻ കഴിയും? നമ്മുടെ കുട്ടിക്കാലത്തെ പരിശീലന മേഖലയിൽ ഒരുപക്ഷെ അഭിസംബോധന ചെയ്യപ്പെടാത്ത ഒരു ഘടകമാണ് മാനസികാരോഗ്യം. എന്നാൽ നേരിട്ടല്ലാത്ത പല മാർഗങ്ങളിലൂടെയും കുട്ടികളുടെ മാനസികാരോഗ്യം പരിപോഷിപ്പിക്കപ്പെടുന്നുണ്ടുതാനും. ഉദാഹരണമായി കുട്ടികളെ കളിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിലൂടെ അവർക്ക് ജീവിതത്തെ നേരിടാനുള്ള പ്രേരകവും ടെൻഷനെ അതിജീവിച്ച് ലക്ഷ്യത്തിൽ എത്തിച്ചേരാനുള്ള കഴിവും, തോറ്റു പോയാലും ബന്ധങ്ങൾ നഷ്ടപ്പെട്ടു പോകാതെയിരിക്കാനുള്ള നയചാതുരിയും ലഭിക്കുന്നു. കുട്ടികൾ കളിക്കുന്നത് വിലക്കുന്നതിലൂടെ അവരുടെ വൈകാരിക വളർച്ചയ്ക്കുള്ള അവസരമാണ് നഷ്ടപ്പെടുത്തുന്നത്. വൈകാരികമായ പൊട്ടിത്തെറിയിലൂടെയാണ് പലപ്പോഴും കുടുംബം കടന്നുപോകുന്നതെങ്കിൽ തിരിച്ചറിയണം, വൈകാരികമായ ആരോഗ്യം അവിടെ വളരെ കുറവാണ്. ആരെയും കുറ്റം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. മാനസിക ആരോഗ്യം വർദ്ധിപ്പിക്കാനുള്ള മാർഗങ്ങൾ നേടുകയാണ് പ്രധാനം.

### മനസ്സിന്റെ പ്രതിരോധശക്തിയോ?

ശരീരത്തിന്റെ രോഗപ്രതിരോധ ശക്തിക്കനുസരിച്ചാണ് നമുക്ക് രോഗങ്ങൾ വരുന്നതും രോഗങ്ങളിൽ നിന്ന് സുഖപ്പെടുന്നതും. അതുപോലെ തന്നെ മനസ്സിനും രോഗപ്രതിരോധശക്തി ഉണ്ട്. ഉദാഹരണമായി എത്ര ദുഃഖകരവും ആശങ്കകുലവുമായ സംഭവം നടന്നാലും മനസ്സ് അതിനെയെല്ലാം അതിജീവിക്കും. പലപ്പോഴും മനസ്സിന്റെ ഈ ശക്തി നമ്മൾ തിരിച്ചറിയാതെ പോകുന്നു.

#### മാനസിക ആരോഗ്യ പ്രതിരോധ ശക്തിക്ക് രണ്ടു ഘട കങ്ങളുണ്ട്.

1. മനോമാന്ദ്യത്തിൽ നിന്നും പൂർവ്വസ്ഥിതി പ്രാപിക്കാനുള്ള കഴിവ് (resilience).

2. ജീവിതത്തിന് അർത്ഥം കണ്ടെത്തുന്നത് വഴി യഥാർത്ഥ സന്തോഷം ആർജ്ജിക്കാനുള്ള തയ്യാറെടുപ്പ്.

മനപ്രയാസങ്ങളെ നേരിടുന്നതിനുള്ള നൈസർഗികമായ കഴിവ് കണ്ടെത്തുന്നതിനനുസരിച്ചും ജീവിതത്തിന് സ്ഥായിയായ അർത്ഥം കണ്ടെത്തുന്നതിനനുസരിച്ചുമാണ് ഒരു വ്യക്തി മാനസികമായി കരുത്തുറ്റവനാകുന്നത്. ജീവിതത്തിന് അർത്ഥം കണ്ടെത്തിയവനെ താൽക്കാലിക വൈകാരിക പ്രശ്നങ്ങൾ തളർത്തില്ല. വലിയ ബൗദ്ധികനിലവാരം ഉണ്ടെന്ന് നാം കരുതുന്ന വ്യക്തികൾ പലപ്പോഴും പരാജയപ്പെടുന്നത് വൈകാരികതലത്തിലെ അസന്തുലിതാവസ്ഥ മൂലമാണ്. എന്നാൽ അവർക്ക് ജീവിതാർത്ഥം കണ്ടെത്താനായാൽ തിരിച്ചടികളെയും നഷ്ടങ്ങളെയുമൊക്കെ ശാന്തമായി നേരിടാനാകും. ഉദാഹരണമായി, ജനങ്ങളെ ശുശ്രൂഷിക്കുന്നതാണ് തന്റെ ജീവിതലക്ഷ്യം എന്ന് തിരിച്ചറിഞ്ഞവന് ഒരു അവാർഡ് കിട്ടിയില്ലെന്ന മനോവിഷമം ഏറെ നീണ്ടുനിൽക്കുകയില്ല. കുടുംബത്തിന്റെ ദൈവവിളി അനുസരിച്ച് ജീവിക്കണം എന്ന ബോധ്യം കിട്ടിയവന് ഭാര്യയുടെ പെരുമാറ്റ വൈകൃതങ്ങൾ ഒരുപരിധിവരെ സ്വാധീനിക്കുകയില്ല.

### മാനസികാരോഗ്യം വർദ്ധിപ്പിക്കാൻ

ശാരീരിക ആരോഗ്യം വർധിപ്പിക്കാൻ എന്നതുപോലെ തന്നെ മാനസികാരോഗ്യം വർദ്ധിപ്പിക്കാനും നമ്മൾ പരിശ്രമിക്കേണ്ടതുണ്ട്. കുടുംബം മുഴുവനായി അത് ചെയ്യുമ്പോൾ അതിന്റെ ഫലപ്രാപ്തി കൂടുതലാണ്.

#### 1. പരസ്പരബന്ധങ്ങൾ പരിപോഷിപ്പിക്കുക

ഉൾവലിയുന്തോറും മനസ്സ് അസ്വസ്ഥമാകുന്നതുകൊണ്ടു തന്നെ, ഹൃദ്യമായ ബന്ധങ്ങളിൽ ഏർപ്പെടുക എന്നതു തന്നെയാണ് മാനസികാരോഗ്യത്തിന് ഏറ്റവും ആവശ്യം. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുതന്നെ മറ്റുള്ളവരോട് ബന്ധപ്പെട്ടിരിക്കാനാണ്. അതുകൊണ്ടുതന്നെ പിണങ്ങിയിരിക്കുക, വെറുപ്പിലും വിദ്വേഷത്തിലുമായിരിക്കുക, പകയോടെ ജീവിക്കുക, ഉപദ്രവിക്കുക എന്നിങ്ങനെയുള്ള പ്രവർത്തികളൊന്നും മനസ്സിനു സ്വസ്ഥത നൽകുന്ന കാര്യങ്ങളല്ല. ഒരുമിച്ചു പ്രാർത്ഥിക്കുന്നത് ബന്ധങ്ങൾ വളർത്താൻ ഏറ്റവും നല്ലതാണ്. അത് നമ്മെ ദൈവത്തിന്റെ സന്നിധിയിൽ വിനീതരാക്കുകയും നാം ഒരു കുടുംബമാണെന്ന ബോധ്യം സ്വാഭാവികമായി വളർത്തുകയും ചെയ്യും. മനസ്സിൽ ദൈവിക ചിന്ത നിറയുമ്പോൾ തീവ്ര വികാരങ്ങളൊക്കെ ശാന്തമാവുകയും സന്തോഷത്തോടെ ജീവിക്കാൻ സാധിക്കുകയും ചെയ്യും.

ഒരുമിച്ചുള്ള ഭക്ഷണമാണ് ബന്ധങ്ങൾ വളരുന്ന മറ്റൊരിടം. എത്ര ദേഷ്യത്തോടെ വരുന്നയാളും അല്പം നല്ല ഭക്ഷണം കഴിച്ചു കഴിയുമ്പോൾ തണുക്കുന്നത് കാണാം. ഭക്ഷണസമയത്ത് എല്ലാവരും മുഖാമുഖം ഇരിക്കാനും മൊബൈൽ ഫോണും ടിവിയും ഓഫ് ചെയ്യാനും ശ്രദ്ധിക്കണമെന്ന് മാത്രം.

പരസ്പരമുള്ള സംസാരമാണ് മറ്റൊരു പ്രധാന ഘടകം: എല്ലാ ദിവസവും കുറച്ചുസമയമെങ്കിലും പരസ്പരം സംസാരിക്കാൻ സാധിക്കുന്ന ദമ്പതികൾ സ്നേഹത്തിൽ വളർന്നുവരും. പരസ്പര സംസാരം ഇല്ലാത്തതാണ് ഭൂരിഭാഗം പ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം. സംസാരത്തിൽ കുറ്റപ്പെടുത്തലുകളും പരാതികളുമൊക്കെ വരാമെങ്കിലും അംഗീകാരത്തിന്റെയും അഭിനന്ദനത്തിന്റെയും മതിപ്പിന്റെയും ഭാഷകൂടിയുണ്ടെങ്കിൽ ബന്ധങ്ങൾ ദൃഢമാകും.

ഒരുമിച്ചുള്ള യാത്രകളും വിനോദങ്ങളും മറ്റൊരു ഘടകമാണ്: ഒരുമിച്ചുള്ള ഹ്രസ്വയാത്രകൾ കൂടെകൂടെയുണ്ടാകുന്നത് കുടുംബാന്തരീക്ഷത്തെ സന്തോഷ നിർഭരമാക്കും. കുടുംബജീവിതത്തെ ഗൗരവമായി കാണുന്നവർ ഇതിനൊക്കെ സമയം കണ്ടെത്തും. ഒരുമിച്ച് ഭക്ഷണം പാകം ചെയ്യുന്നതും കളികളിലും വിനോദങ്ങളിലും ഏർപ്പെടുന്നതും ഒരുമിച്ചിരുന്നു തമാശകൾ പറയുന്നതും കോമഡി പരിപാടികളും (പങ്കെടുക്കുന്നതും, കാണുന്നതും) കുടുംബത്തെ കൂടുതൽ ഊർജ്ജവത്താക്കും.

#### 2. ധ്യാനം പരിശീലിക്കുക

മാനസികാരോഗ്യത്തിന് ഏറ്റവും പ്രധാനപ്പെട്ടതാണ് ധ്യാനം. ഒരു പ്രത്യേക കാര്യത്തെക്കുറിച്ചുള്ള ആഴമേറിയ ചിന്തയെന്ന് ധ്യാനത്തെ നമുക്ക് വിളിക്കാം. ഒരു ചെറിയ പ്രാർത്ഥന തന്നെ ഉരുവിട്ടുകൊണ്ട് അതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്നതും ഒരു പ്രത്യേക വസ്തുവിനെക്കുറിച്ചോ ജീവിതാവസ്ഥയെക്കുറിച്ചോ ആഴമായി ചിന്തിച്ചുകൊണ്ടിരിക്കുന്നതുമൊക്കെ ധ്യാനമാണ്. രാവിലെ എഴുന്നേറ്റ് കുറച്ച് സമയം മനസ്സിനെ ശാന്തമാക്കി ധ്യാനിക്കുന്നത് മാനസികാരോഗ്യം വർദ്ധിപ്പിക്കും.

മനസ്സിന്റെയും ഹൃദയത്തിന്റെയും ജാഗ്രതയോടെയുള്ള നിരീക്ഷണത്തെക്കുറിച്ചു സഭാപിതാക്കന്മാർ പറയുന്നതും ആധുനിക കാലത്തെ സെക്കുലർ ധ്യാനഗുരുക്കൾ പറയുന്നതുമൊക്കെ ഒന്നുപോലെ തോന്നാം. നൂറ്റാണ്ടുകളായി സഭയിൽ നിലനിന്നുപോരുന്ന ഈശോ-പ്രാർത്ഥന (കർത്താവായ ഈശോയേ, പാപിയായ എന്നിൽ കനിയണമേ) ക്രൈസ്തവ ധ്യാനപാരമ്പര്യത്തിന്റെ മനോഹരമായ ഉദാഹരണമാണ്. ആവർത്തനത്തിലൂടെയും ധ്യാനത്തിലൂടെയും മാനസികപ്രാർത്ഥന രൂപപ്പെടുന്നതിനു ഈശോ-പ്രാർത്ഥന നമ്മെ സഹായിക്കുന്നു.

ധ്യാനത്തിന്റെ ഫലമായി വിശ്വാസം വർധിക്കുകയും മനസ്സ് ശാന്തമാകുകയും ചെയ്യുന്നു. അവബോധം, വ്യക്തത, അനുകമ്പ, ഏകാഗ്രത എന്നിവ കൂടാൻ ധ്യാനം സഹായിക്കുന്നു. ധ്യാനത്തിലൂടെ തീവ്ര വൈകാരികതയിൽ നിന്നും മോചനം ലഭിക്കുമ്പോൾ മറ്റുള്ളവരെ കരുണയോടെ കരുതാൻ നമുക്ക് സാധിക്കും. വിഷാദം, ആകുലത, വേദന മുതലായ അസ്വസ്ഥതകളിൽനിന്നു ശമനം കിട്ടുന്നതിന് ധ്യാനം ഉപകാരപ്രദമാണെന്ന് ശാസ്ത്രീയ പഠനങ്ങളുണ്ട്. 24 മണിക്കൂറിൽ ഏതാനും മിനിറ്റുകൾ ധ്യാനത്തിനായി ചിലവഴിക്കുന്നത് മാനസികാരോഗ്യത്തെ മെച്ചപ്പെടുത്താൻ സഹായിക്കും. മുതിർന്ന തലമുറ അതിരാവിലെ എഴുന്നേറ്റ് കുരിശു വരച്ചിരുന്നതും വചനം വായിച്ചതുമൊക്കെ മനസ്സിനെ ദൃഢപ്പെടുത്താനുള്ള അവരുടെ സ്വാഭാവിക മാർഗങ്ങളായിരുന്നു.

#### 3. പോസിറ്റീവ് ചിന്തകൾ പരിശീലിക്കുക

'ദോഷൈകദൃക്കുകൾ ഓരോ അവസരത്തിലും ബുദ്ധിമുട്ടുകൾ കാണുമ്പോൾ ശുഭാപ്തി വിശ്വാസി ഓരോ ബുദ്ധിമുട്ടിലും അവസരങ്ങൾ കാണുന്നു' എന്ന് വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞുവെച്ചു. ശുഭാപ്തിവിശ്വാസം ചെറുപ്പത്തിലെ തന്നെ വളർത്തിയെടുക്കേണ്ട ഗുണമാണ്. ഇല്ലെങ്കിൽ ഇപ്പോഴെങ്കിലും അത് തുടങ്ങാവുന്നതാണ്. നമ്മുടെ മനസ്സ് പെട്ടെന്ന് അസ്വസ്ഥമാകുന്നതും മറ്റുള്ളവർക്ക് നമ്മെ അസ്വസ്ഥപ്പെടുത്താൻ സാധിക്കുന്നതും അവർ സൃഷ്ടിക്കുന്ന കുഴപ്പം കൊണ്ടാവില്ല, മറിച്ച് സർവ്വതിനേയും നിഷേധാത്മകമായി കണ്ടുശീലിച്ച നമ്മുടെ കാഴ്ചപ്പാടിന്റെ പ്രത്യേകത കൊണ്ടാകാം. ആർക്കും അസ്വസ്ഥപ്പെടുത്താവുന്ന രീതിയിൽ നമ്മുടെ മനസ്സ് വളർന്നുവന്നതുകൊണ്ട് സന്തോഷം എന്തെന്നറിയാതെ ജീവിക്കുന്ന അനേകരുണ്ട്. ഒരു ദിവസം വീട്ടിൽ മൂന്ന് പോസിറ്റീവ് കാര്യങ്ങളെങ്കിലും പറയുമെന്ന് ഓരോരുത്തരും തീരുമാനിച്ചാൽ കുടുംബാന്തരീക്ഷത്തിൽ വലിയ മാറ്റങ്ങൾ കാണാൻ കഴിയും.

#### 4. ആത്മാഭിമാനം (self-esteem) വർധിപ്പിക്കുന്ന സംഭാഷണം

മാനസികാരോഗ്യത്തിന്റെ പ്രധാന ഘടകം ആത്മാഭിമാനമാണ്. ആഴമായ അപകർഷതയാണ് പല കോംപ്ലക്സുകൾക്കും പെരുമാറ്റ വൈകല്യങ്ങൾക്കും കാരണമെന്ന് കാണാം. ശൈശവത്തിന്റെ ആദ്യ നാളുകൾ മുതൽ വീട്ടിൽ അപകർഷതയുടെയും ഇകഴ്ത്തലിന്റെയും സംസാരമാണ് കേട്ടുവളരുന്നതെങ്കിൽ വ്യക്തിയിൽ അപകർഷത രൂഢമൂലമാകും. അതിനാൽ മാതാപിതാക്കൾ എപ്പോഴും ശ്രദ്ധിക്കേണ്ടത്, പരസ്പരവും മക്കൾക്കും ആത്മാഭിമാനത്തിന്റെ സന്ദേശം നൽകാനാണ്. സ്വയം മതിപ്പുള്ളവന് മാനസികമായ സ്വാതന്ത്ര്യം വർദ്ധിക്കും.

#### 5. ശാരീരിക വ്യായാമവും മാനസികാരോഗ്യവും

വിഷാദരോഗത്തിനുള്ള ഏറ്റവും നല്ല മരുന്ന് ശാരീരിക വ്യായാമാണെന്ന് പറയാറുണ്ട്. വ്യായാമം തലച്ചോറിൽ 'എൻഡോർഫിൻ' എന്ന ഉത്തേജകത്തെ ഉൽപ്പാദിപ്പിക്കുകയും അതിലൂടെ മന്ദതയെയും നിഷേധ വികാരങ്ങളെയും നിയന്ത്രിക്കുകയും ചെയ്യും. ഓർമ്മയും ചിന്താശക്തിയും ശക്തിപ്പെടുത്താൻ എൻഡോർഫിൻ വലിയ പങ്കു വഹിക്കുന്നു. കൂടാതെ, ആത്മവിശ്വാസം വളർത്താനും കൂടുതൽ ഊർജ്ജം അനുഭവിക്കാനും വ്യായാമം സഹായിക്കും. നല്ല ഉറക്കം ലഭിക്കുന്നതിലൂടെ ശാരീരികപ്രവർത്തനങ്ങളെ വലിയൊരു പരിധിവരെ നിയന്ത്രിക്കാനും സാധിക്കുന്നു.

വ്യായാമം തുടങ്ങാനാണ് ബുദ്ധിമുട്ട്! തുടങ്ങി കഴിഞ്ഞാൽ ആവേശമായി മാറും! ഭാര്യഭർത്താക്കന്മാർ ഒരുമിച്ച് രാവിലെ നടക്കാൻ പോയാൽ അവരുടെ സൗഹൃദം വർദ്ധിക്കുകയും രണ്ടുപേരുടെയും ശരീരവും മനസ്സും പുതുമയുള്ളതാകുകയും ചെയ്യും. കുട്ടികളോടൊപ്പം ക്രിക്കറ്റും ഷട്ടിലുമൊക്കെ കളിക്കുന്നത് കുടുംബത്തിന്റെ മാനസിക ആരോഗ്യത്തെ വളരെയേറെ സഹായിക്കും. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്നത് ഇക്കാലത്ത് കൂടുതൽ പ്രസക്തമാണ്. ഈ കോവിഡ് കാലത്ത് ശാരീരിക ആരോഗ്യം പോലെ തന്നെ പ്രാധാന്യമുള്ളതാണ് മാനസിക ആരോഗ്യവും.

ADILABAD EPARCHY

# Bishop Prince Inviting more Vocations to Witness Jesus in the Mission of Adilabad

Adilabad: Mar Prince Antony Panengadan ordained Deacon Jaikumar Rodda a priest on 07 April 2021 at the Holy Trinity Church, Indravelly, and Deacon James (Prince) Elavumkal at St. Joseph Church, Maniyamkulam On 24 April 2021 for the Eparchy of Adilabad. The vocation









of Deacon Jaikumar is from within the local Church. The celebrations were simple but solemn with the strict observance of the Government protocols of COVID-19. In his address, Mar Prince Antony emphasized the importance of the priesthood and the challenges of consecrated life. Priesthood is a call to share the Cross of Christ and a priest, like Moses, is called to serve and lead his people to the Kingdom of God. The newly ordained priests expressed their great joy and gratitude to the Almighty for the special grace of priesthood received to serve His people.

Bishop while addressing the faithful in Maniyankulam during the ordination ceremony appealed to the faithful of Kerala to pray for more vocations to carry out the mission work in the Eparchy. The Eparchy has 1721 villages in which the Catholic presence is only in 250 villages. The mission Eparchy of Adilabad needs more vocations from the Mother Church to preach the good news and serve the poor. Bishop invited and welcomed the young and energetic Catholic youth to widen the horizon of Jesus' mission in the Eparchy of Adilabad.

പാലാ രൂപത

# കോവിഡ് രോഗികൾക്ക് സഹായവുമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ കോവിഡ് ഫൈറ്റേഴ്സ്

പാലാ: വീട്ടിൽ കഴിയുന്ന കോവിഡ് ബാധിതർക്കും അവരുമായി സമ്പർക്കത്തിൽ കഴിയുന്നവർക്കും ആശ്വാസമായി പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ മാർ സ്ലീവാ മെഡിസിറ്റി കോവിഡ് ഫൈറ്റേഴ്സ് എന്ന സേവനവിഭാഗത്തിനു രൂപം കൊടുത്തു. കോവിഡ്-19 കേരളത്തിലും പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ, രോഗത്തിനെതിരേയുള്ള ഫലപ്രദമായ ചെറുത്തുനില്പിന് സഹായമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആശുപത്രിയിൽ നടന്ന ചടങ്ങിൽ ടീം മാനേജിംഗ് ഡയറക്ടർ മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ പരിപാടി ഫ്ളാഗ് ഓഫ് ചെയ്തത്. രോഗവ്യാപനം ദിനംപ്രതി കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോവിഡ് ബാധിച്ചും ക്വാറന്റൈൻ മൂലവും വീടുകളിൽ തന്നെ കഴിയേണ്ടിവരുന്നവർക്കും ആരോഗ്യപരിരക്ഷയ്ക്കായി ഡോക്ടർമാർ, നഴ്സ്മാർ എന്നിവർ ഉൾപ്പെടുന്ന ആരോഗ്യപ്രവർത്തകരുടെ ടീം വീടുകളിൽ എത്തി ആവശ്യമായ പരിചരണം നൽകുന്ന വിധത്തിലാണ് പരിപാടി ക്രമീകരിച്ചിട്ടുള്ളത്. മാർ സ്ലീവാ മെഡിസിറ്റി പാലായുടെ സാമൂഹിക പ്രതിബദ്ധതാ വിഭാഗമായ പേട്രൻസ് കെയറിന്റെ ഭാഗമായി ആരംഭിച്ച ഈ സേവനം പാലാ രൂപതയിലെ ഓരോ ഇടവകയിലെയും വികാരിമാരുടെ നേതൃത്വത്തിൽ പള്ളിയോഗത്തിന്റെയും വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും പ്രത്യേകിച്ച് കുടുംബകൂട്ടായ്മയുടെയും എസ്എംവൈഎമ്മിന്റെയും സഹകരണത്തോടെയാണ് നടത്തുന്നത്. ആദ്യദിവസത്തിൽ ഈരാറ്റുപേട്ട, കിടങ്ങൂർ, പ്രവിത്താനം തുടങ്ങി കോവിഡ് മൂലം ഏറെ ബുദ്ധിമുട്ടനുഭവിക്കുന്ന പ്രദേശങ്ങളിലെ വിവിധ വീടുകളിൽ ടീം സന്ദർശനം നടത്തി.




ഇരിങ്ങാലക്കുട രൂപത

# മാരിയപ്പന്റെ അന്ത്യയാത്രക്ക് സഹായമൊരുക്കി ടാസ്ക് ഫോഴ്സ്

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട ടാസ്ക്ഫോഴ്സും അന്നമനട ഗ്രാമപഞ്ചായത്തും ചേർന്ന് കോവിഡ് ബാധിതനായി ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ചികിത്സയിലായിരിക്കെ രോഗം മൂർച്ഛിച്ച് മരിച്ച തിരുനെൽവേലി സ്വദേശിയായ മാരിയപ്പന്റെ (53) അന്ത്യയാത്രക്ക് സഹായമൊരുക്കി. അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ വിനോദും വാർഡ് മെമ്പർ ശ്രീ ടി. കെ സതീശനും മേലഡൂർ ഇരിങ്ങാലക്കുട ടാസ്ക്ഫോഴ്സിലെ





യുവജനങ്ങളും ചേർന്ന് മൃതദേഹം ഏറ്റുവാങ്ങി അന്തിമ കർമ്മങ്ങൾക്കായി കുരിയച്ചിറ ശ്മശാനത്തിലേക്ക് കൊണ്ടുപോയി. ടാസ്ക്ഫോഴ്സ് അംഗങ്ങളായ ഗ്ലോറിസൺ, ചഞ്ചൽ, അമൽ, ആൽബിൻ എന്നിവർ സഹായികളായി. മാരിയപ്പനും കുടുംബവും മൂന്നു പതിറ്റാണ്ടിലേറെയായി മേലഡൂർ പള്ളിയുടെ തൊട്ടടുത്താണ് താമസം. ഭാര്യ: ജയ. മക്കൾ: ആനന്ദ്, അഖിലേഷ്, ദീപക്.

UJJAIN EPARCHY

# Mar Sebastian Vadakkel blessed the Golden Jubilee Memorial, 'Samarth Centre' for the Differently-abled Children

Ujjain: Mar Sebastian Vadakkel, the Bishop of Ujjain blessed Samarth Centre, a rehabilitation centre for children with intellectual disability on 22 April 2021 under the Covid-19 protocol and guidelines. The director Rev. Fr. Kurian Kochettonnil, the director of Madhya Pradesh *Vikalang Sahayatha Samithi* Rev. Fr. George Kachiramattam and Sisters from St. Martha's Congregations were present for the function.



This centre can accommodate a maximum of fifty children. This building is planned and made to comply with the Government guidelines for differently-abled children for a barrier-free environment to enable their free movements. There are separate accommodation facilities for girls and boys. The entire atmosphere is child-friendly.



Their mental, physical, spiritual, and intellectual growth is well attended. Even though there are 41 children on the roll due to the Covid Pandemic at present only 22 children are staying. Sisters of St. Martha's Congregation along with a few trained staff are rendering dedicated service for the children and for the daily running of the centre. The centre admits differently-abled children from the Eparchy of Ujjain and other parts of Madhya Pradesh. This centre was functioning in another building with limited facilities. The children now are shifted to the newly built centre with maximum facilities for their integrated growth and development. The newly built Samarth Centre is a Golden Jubilee memorial of the Eparchy of Ujjain. The foundation stone of the centre was blessed by His Beatitude Mar George Cardinal Alencherry, on 18 November 2018 during the concluding ceremony of the Golden Jubilee year of the Eparchy.

BHADRAVATHI EPARCHY

# Connecting the Hearts to Combat Coronavirus



Bhadravathi: Malnad Social Service Society (MSSS), the social service department of the Eparchy of Bhadravathi, which has been at the forefront of the fight against the Covid-19 Pandemic in its first wave, is now reaching out to the poor and needy people in the rapid surge of its second wave too. The Eparchy is trying to extend its care mainly to the Shivamogga and Chikmagalur districts of Karnataka state through MSSS. Realizing the emergency, 147 selected families were given ration and hygiene kits last week. MSSS arranged a Covid-19 information centre with a team of volunteers working round the clock to provide telephonic assistance. His excellency Mar Joseph Arumachadath together with Rev. Fr. Abraham Areeparambil, the director of MSSS is monitoring and assisting this venture. More financial assistance is solicited as Covid -19 Solidarity Response Fund to provide sufficient ration and hygiene kits.

ഫരീദാബാദ് രൂപത

# കോവിഡ് രോഗികൾക്ക് സാന്ത്വനമായി ഫരീദാബാദ് രൂപത

ഫരീദാബാദ്: കോവിഡ് 19 മഹാമാരിയുടെ പിടിയിലമർന്ന ഡൽഹിയിലെയും പരിസരങ്ങളിലെയും രോഗികൾക്ക് അവശ്യസേവനങ്ങൾ എത്തിക്കാൻ കോവിഡ് പ്രതിരോധ ദൗത്യവുമായി ഡൽഹിയിലെ ഫരീദാബാദ് രൂപത പ്രവർത്തനനിരതമായി. രൂപതാധ്യക്ഷൻ ആർച്ച്ബിഷപ് കുര്യാക്കോസ് ഭരണികുളങ്ങരയുടെ നേതൃത്വത്തിൽ ഏഴംഗ ദൗത്യസംഘം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. മരുന്നും ഭക്ഷണവും എത്തിക്കാനും ആശുപത്രി സൗകര്യങ്ങളും ഓക്സിജൻ ലഭ്യതയും ഉറപ്പുവരുത്താനും രോഗികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഓൺലൈനായി കൊടുക്കുവാനും ഒറ്റപ്പെട്ടുപോകുന്നവർക്ക് താമസസൗകര്യങ്ങൾ ഒരുക്കാനും പ്ലാസ്മ ആവശ്യമായ രോഗികൾക്ക് രക്തദാനത്തിന് സന്നദ്ധസേന രൂപീകരിക്കാനും, മരണമടഞ്ഞവർക്ക് അന്ത്യകർമ്മങ്ങൾക്കുള്ള സേവനം എത്തിക്കാനും വിവിധ കമ്മറ്റികൾ രൂപതാ കേന്ദ്രത്തിൽ പ്രവർത്തനസജ്ജമാണ്.

രൂപതയുടെ മുപ്പതോളം വരുന്ന ഇടവകകളിലൂടെ ഇടവകവികാരിമാരുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്ക്കുകളിലൂടെയാണ് ഈ പ്രവർത്തനങ്ങളെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഓരോ ഇടവകാതിർത്തിയിലുമുള്ള രോഗികളായവരെ കണ്ടെത്തി ആവശ്യമായ ഭക്ഷണം, മരുന്ന്, ഓക്സിമീറ്റർ, പിപിഇ കിറ്റ്, മെഡിക്കൽ ഉപകരണങ്ങൾ, ആവശ്യമെങ്കിൽ ആശുപത്രി പ്രവേശനത്തിനുള്ള സഹായം എന്നിവയും നൽകിവരുന്നു. ഓൺലൈൻ കൗൺസലിംഗ്, കമ്മ്യൂണിറ്റികിച്ചൻ എന്നിവ ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധ സേവകരുടെയും കൂട്ടായ സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത്. ഫരീദാബാദ് രൂപതയിലെ യുവജനപ്രസ്ഥാനമായ DSYMന്റെ നേതൃത്വത്തിൽ ഒരുകോവിഡ് റെസ്ക്യു ടീമും, നേഴ്സസ് ടീമും, ടിഫിൻ സർവീസും ആരംഭിച്ചിട്ടുണ്ട്. കോവിഡ് രോഗികളുടെ ശുശ്രൂഷയ്ക്കായി അശോക് വിഹാറിൽ SD സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ 40 ബെഡ്ഡുകളുള്ള ഒരു താൽക്കാലിക അനുബന്ധ ആശുപത്രിയും സൗകര്യങ്ങളും സജ്ജമായിക്കൊണ്ടിരിക്കുന്നു. രൂപതയുടെ കീഴിലുള്ള ദ്വാരക ഇൻഫന്റ് ജീസ്സസ് സ്കൂളിൽ ക്വാറന്റൈൻ സൗകര്യവും ഒരുക്കിയിട്ടുണ്ട്. ആന്റിജൻ ടെസ്റ്റ് നടത്താനാവശ്യമായ ഒരു എമർജൻസി ലാബും സജ്ജമാക്കിയിട്ടുണ്ട്. അത്യാവശ്യമുള്ള രോഗികളെ എത്രയും വേഗം ആശുപത്രിയിലെത്തിക്കാനുള്ള ഓക്സിജൻ സൗകര്യങ്ങളോടുകൂടിയുള്ള ആംബുലൻസും ഒരുക്കിയിട്ടുണ്ട്.

എറണാകുളം-അങ്കമാലി അതിരൂപത

# 'കരുതലു'മായി സഹൃദയ

എറണാകുളം: അതിരൂപത സാമൂഹിക പ്രവർത്തന വിഭാഗമായ സഹൃദയയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന കോവിഡ് ഹെൽപ് ഡെസ്കിന്റെ ഉദ്ഘാടനം മെയ് 13 വ്യാഴാഴ്ച രാവിലെ എറണാകുളം-അങ്കമാലി മേജർ അതിരൂപത ബിഷപ്സ് ഹൗസ്സിൽ വച്ച് എം.പി. ശ്രീ ഹൈബി ഈഡൻ നിർവഹിച്ചു. എറണാകുളം-അങ്കമാലി മേജർ അതിരൂപത മെത്രാപ്പോലീത്തൻ വികാരി മാർ ആന്റണി കരിയിൽ അധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. അതിരൂപത വൈസ് പ്രസിഡന്റ് കിരൺ ഗോപുരത്തിങ്കൽ ആശംസ അറിയിച്ചു. വികാരി ജനറാൾ റവ. ഫാ. ജോസ് പുതിയേടത്ത്, എറണാകുളം സെന്റ് മേരീസ് ബസിലിക്ക വികാരി റവ. ഫാ. ഡേവിസ് മാടവന എന്നിവരും സഹൃദയയുടെ ഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ പത്ത് ലക്ഷം രൂപയുടെ ചെക്ക് മാർ ആന്റണി കരിയിൽ പിതാവ് സഹൃദയക്ക് കൈമാറി. കെ.സി.വൈ.എം എറണാകുളം-അങ്കമാലി അതിരൂപതയുടെ അഭിമുഖ്യത്തിലാണ് അതിരൂപതയുടെ സാമൂഹിക പ്രവർത്തന വിഭാഗമായ സഹൃദയ 'കരുതൽ' എന്ന സംരംഭത്തിലൂടെ മരുന്നുകളും അവശ്യ വസ്തുക്കളും വിതരണം ചെയ്യുന്നത്.



MELBOURNE EPARCHY

# ദുരിതമനുഭവിക്കുന്നവർക്ക് സഹായഹസ്തവുമായി മെൽബൺ രൂപത

മെൽബൺ: കോവിഡ് മഹാമാരിയിൽ വിഷമിക്കുന്ന ഇൻഡ്യയിലെ ജനങ്ങൾക്കായി മെയ് 7 വെള്ളിയാഴ്ച മെൽബൺ രൂപതയിൽ ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിക്കാൻ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ ആഹ്വാനം ചെയ്തു. മാതൃരാജ്യമായ ഭാരതത്തിൽ ദുരിതമനുഭവിക്കുന്ന നമ്മുടെ ജനങ്ങൾക്ക് ഐക്യദാർഡ്യം പ്രഖ്യാപിച്ചുകൊണ്ട് അന്നേ ദിവസം പ്രാർത്ഥനയിലും ഉപവാസത്തിലുമായിരിക്കുവാൻ രൂപതാംഗങ്ങൾക്ക് നല്കിയ വീഡിയോ സന്ദേശത്തിലൂടെ പിതാവ് ആവശ്യപ്പെട്ടു. കോവിഡ് പകർച്ചവ്യാധിമൂലം ഉറ്റവരെ നഷ്ടപ്പെട്ടവരെയും വിവിധ തരത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്നവരെയും ചികിത്സാ സൗകര്യങ്ങൾ കിട്ടാത്താവരെയും സാമ്പത്തികമായി സഹായിക്കുന്നതിനായി 9-ാം തിയതി (ഞായറാഴ്ച) വിശുദ്ധ കുർബാന മദ്ധ്യേ സ്വീകരിക്കുന്ന സ്തോത്രകാഴ്ചയിലേക്ക് ഉദാരമായി സംഭാവന നല്കുവാൻ പിതാവ് അഭ്യർത്ഥിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും മിഷനുകളിൽ നിന്നും അന്നേ ദിവസം ലഭിക്കുന്ന പണം ഓസ്ട്രേലിയയിലെ കാത്തലിക് മിഷന്റെയും കാരിത്താസ് ഇൻഡ്യയുടെയും സഹകരണത്തോടെ ദുരിതമനുഭവിക്കുന്ന അർഹരായവരിലേക്ക് എത്രയും വേഗം എത്തിക്കുമെന്ന് പിതാവ് അറിയിച്ചു.




ഇരിങ്ങാലക്കുട രൂപത

# പ്രോ-ലൈഫ് ട്രസ്റ്റിന് തുടക്കം കുറിച്ച് ഇരിഞ്ഞാലക്കുട രൂപത



ഇരിഞ്ഞാലക്കുട: രൂപത പ്രോ-ലൈഫ് ദിനാചരണവും പ്രോ-ലൈഫ് ട്രസ്റ്റ് ഉദ്ഘാടനവും ഓഫീസ് വെഞ്ചരിപ്പും രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ നിർവ്വഹിച്ചു. ജീവന്റെ സംസ്കാരം സൃഷ്ടിക്കുവാനും അതു പരിപോഷിപ്പിക്കുവാനും നമുക്ക് കടമയുണ്ടെന്നും അത് നിർവഹിക്കുവാൻ എല്ലാവരും മുന്നോട്ടു വരേണ്ടതുണ്ടെന്നും മാർ പോളി കണ്ണൂക്കാടൻ ഓർമിപ്പിച്ചു. രൂപതയിലെ നിർധന കുടുംബങ്ങളെ ആത്മീയമായും സാമ്പത്തികമായും മാനസികമായും സഹായിക്കാൻ വേണ്ടിയാണ് കണ്ണൂക്കാടൻ പിതാവിന്റെ ഷഷ്ടിപൂർത്തി സ്മാരകമായി ട്രസ്റ്റ് രൂപീകരിച്ചത്. പ്രതിമാസം 2000 രൂപ വീതം അർഹരായ നിർധന കുടുംബങ്ങൾക്ക് അഞ്ചുവർഷത്തേക്ക് സാമ്പത്തിക സഹായമായി നൽകുന്ന പദ്ധതിയും ഇതോടൊപ്പം ആരംഭിച്ചു. കുട്ടികൾക്ക് സ്കോളർഷിപ്പുകളും മറ്റു സഹായ പദ്ധതികളും ട്രസ്റ്റ് മുഖേന നടപ്പിലാക്കും. വികാരി ജനറാളും ട്രസ്റ്റ് പ്രസിഡന്റുമായ മോൺ. ജോസ് മഞ്ഞളി സ്വാഗതം പറഞ്ഞു. ഡോ. ഫിന്റോ ഫ്രാൻസിസ് മുഖ്യ പ്രഭാഷണം നടത്തി. രൂപതയിലെ നിരവധി വൈദികരും സിസ്റ്റേഴ്സും പ്രോ-ലൈഫ് പ്രവർത്തകരും പങ്കെടുത്തു.

പാലക്കാട് രൂപത

# കോവിഡ് പ്രതിരോധത്തിന് 'ഫോർ ദ പീപ്പിൾ' പ്രൊജക്റ്റുമായി പാലക്കാട് രൂപത



പാലക്കാട്: രൂപതാ സാമൂഹ്യ സേവന വിഭാഗമായ പീപ്പിൾസ് സർവീസ് സൊസൈറ്റി പാലക്കാടിന്റെ (PSSP) നേതൃത്വത്തിൽ കോവിഡ് മഹാമാരിയെ മറികടക്കാനും ജനങ്ങൾക്ക് സ്വാന്തനമേകാനും ഫോർ ദ പീപ്പിൾ പ്രൊജക്റ്റ് നടപ്പിലാക്കുന്നു. രൂപതയിലെ വൈദികർ, സന്യസ്തർ, ആത്മീയ ശുശ്രൂഷാ മേഖലയിലുള്ളവർ, സന്നദ്ധ പ്രവർത്തകർ, വിവിധ മേഖലയിലെ വിദഗ്ദർ എന്നിവരെ ഒന്നിച്ചു ചേർത്തു കൊണ്ടാണ് പി.എസ്.എസ്.പി യുടെ കീഴിൽ പദ്ധതി നടപ്പിലാക്കുന്നത്. രൂപതാ മെത്രാൻ മാർ ജേക്കബ് മനത്തോടത്ത്, സഹായ മെത്രാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ എന്നിവരുടെ നിർദ്ദേശാനുസരണമാണ് പ്രൊജക്റ്റിനു രൂപം നൽകിയത്.

രോഗലക്ഷണങ്ങൾ അനുഭവപ്പെടുന്നവർക്ക് വിദഗ്ദരായ ഡോക്ടേഴ്സിന്റെ സേവനം ലഭ്യമാക്കുന്ന ടെലി-മെഡിക്കൽ കൺസൾറ്റേഷൻ, മാനസിക സംഘർഷങ്ങളിൽ വിമുക്തി നൽകുന്നതിന് മാനസികാരോഗ്യ വിദഗ്ദരുടെ സഹായം ലഭ്യമാക്കുന്ന ടെലി-സൈക്കോളജിക്കൽ കൗൺസലിംഗ്, കോവിഡ് ബാധിതർക്കും കുടുംബങ്ങൾക്കും ആത്മീയ ഉണർവ് നൽകുന്നതിന് ആത്മീയ ശുശ്രൂഷകരുടെ നേതൃത്വത്തിൽ ടെലി-സ്പിരിചൽ കൗൺസലിംഗ് എന്നിവ നടപ്പിലാക്കുന്നു. എല്ലാ ദിവസവും രാവിലെ 10 മണി മുതൽ 5 മണി വരെയാണ് ഈ സേവനം ലഭ്യമാകുന്നത്. കോവിഡ് ബാധിച്ചു മരിച്ചവരെ സംസ്കരിക്കുന്നതിന് 'പാലക്കാട് സമരിറ്റൻസ്' എന്ന പേരിൽ സന്നദ്ധ പ്രവർത്തകരുടെ സംഘടന കോവിഡ് ആരംഭിച്ച കാലം മുതൽ സജീവമായി പ്രവർത്തിച്ചു വരുന്നു. ഭക്ഷ്യ കിറ്റ് വിതരണം, മെഡിക്കൽ കിറ്റ് വിതരണം തുടങ്ങിയവയെല്ലാം സുമനസുകളുടെ സഹായത്തോടെ നടപ്പാക്കുന്നു. ആംബുലൻസ് സർവീസ് ഈ പ്രൊജക്റ്റിന്റെ ഭാഗമായി നടപ്പിലാക്കാനുള്ള ക്രമീകരണം ചെയ്തു വരുന്നു. പി.എസ്.എസ്.പിയുടെ എക്സിക്യൂട്ടീവ് സെക്രട്ടറിയും ഡയറക്ടറുമായ ഫാ. ജസ്റ്റിൻ കോലംകണ്ണി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## കോട്ടയം
അതിരൂപത

# ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് ഓൺലൈൻ ദമ്പതിസംഗമം സംഘടിപ്പിച്ചു

കോട്ടയം: മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കുടുംബവർഷത്തിന്റെയും ലോകമാതൃദിനാചരണത്തിന്റെയും പശ്ചാത്തലത്തിൽ കോട്ടയം അതിരൂപതയിലെ അൽമായ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ്, ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷന്റെ സഹകരണത്തോടെ ഓൺലൈൻ ദമ്പതി സംഗമം സംഘടിപ്പിച്ചു. കെ.സി.സി പ്രസിഡന്റ് തമ്പി എരുമേലിക്കരയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായത്തിന്റെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കുവാനും തലമുറകൾ കൈമാറുവാനും ദമ്പതികൾക്ക് ഉത്തരവാദിത്വമുണ്ടെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ആഗോളകത്തോലിക്കാ സഭയിലെ കുടുംബവീക്ഷണം എന്ന വിഷയത്തിൽ അതിരൂപതാ ഫാമിലി കമ്മീഷൻ ചെയർമാൻ ഡോ. ബ്രസൻ ഒഴുങ്ങാലിൽ സംസാരിച്ചു. ദമ്പതികൾ സമകാലീന സാഹചര്യത്തിൽ എന്ന വിഷയത്തിൽ എ.കെ.സി.സി ഭാരവാഹികളായ പ്രഫ. മേരി റെജീനയും ഭർത്താവ് ഷാജി ജെയിംസും ചേർന്ന് ക്ലാസ്സ് നയിച്ചു. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് സന്ദേശം നൽകി. കെ.സി.ഡബ്ല്യു.എ പ്രസിഡന്റ് ലിൻസി വടശ്ശേരിക്കുന്നേൽ, കെ.സി.സി സെക്രട്ടറി ബിനോയി ഇടയാടിയിൽ കെ.സി.ഡബ്ല്യു.എ സെക്രട്ടറി ഷൈനി ചൊള്ളമ്പേൽ എന്നിവർ പ്രസംഗിച്ചു. 492 ദമ്പതികൾ ഓൺലൈൻ സംഗമത്തിൽ പങ്കെടുത്തു.

## JAGDALPUR
EPARCHY

# Inauguration of the Golden Jubilee Year



Jagdalpur: Mar Joseph Kollamparambil CMI inaugurated the yearlong celebration of the Golden Jubilee year of the Eparchy of Jagdalpur lighting the jubilee candle on 19 March 2021 in the presence of Bishop Emeritus Mar Simon stock Palathara CMI at the Eucharistic celebration. Mar Joseph thanked the Almighty for the innumerable blessings received through the years and invoked His protection and guidance for the future endeavor of the Eparchy. Rev. Fr. Thomas Vadakkumkara CMI (Provincial, Nirmal province Jagdalpur), Rev. Fr. Shinod Choorapadath (synchellus), Rev. Fr. Joseph Maipparapalli, Rev. Fr. Maneesh Kongaden, Rev. Fr. Joseph Incheril CMI and fathers from the Eparchy of Jagdalpur concelebrated the Eucharist. Mar Joseph shared the greetings of the feast of St. Joseph to all the priests especially to the one named Joseph.



## ഷംഷാബാദ്
അതിരൂപത

# ഷംഷാബാദ് രൂപതയിൽ കോവിഡ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു

ഹൈദരാബാദ്: ഷംഷാബാദ് രൂപതയുടെ വിവിധ ഭാഗങ്ങളിൽ രണ്ടാംഘട്ട കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിവിധ റീജിയനുകളിലായി കോവിഡ് ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തനമാരംഭിച്ചു. ആശുപത്രികളിൽ ICU ബെഡുകളുടെ ലഭ്യതക്കുറവും ഡോക്ടർമാരുടെയും നഴ്സുമാരുടെയും കുറവും, വർധിച്ചുവരുന്ന മരണനിരക്കും കണക്കിലെടുത്ത് ഇവയെ പ്രതിരോധിക്കാൻ വേണ്ടിയാണ് ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിരിക്കുന്നത്. രൂപതാ സാമൂഹ്യസേവന വിഭാഗമായ പ്രേം മാർഗിന്റെയും






യുവജന വിഭാഗമായ SYMന്റെയും നേതൃത്വത്തിൽ ആണ് സെന്ററുകൾ പ്രവർത്തിക്കുന്നത്. കോവിഡ് വാക്സിനേഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ഓൺലൈൻ രജിസ്ട്രേഷനുകളിൽ സഹായിക്കുവാനും വോളന്റീയർമാരെ ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ OPD സൗകര്യം പലഭാഗങ്ങളിലും കുറവായതുകൊണ്ട് ഡോക്ടർമാരുടെയും നേഴ്സുമാരുടെയും വെർച്ച്വൽ കൺസൾട്ടേഷനും ഒരുക്കിയിട്ടുണ്ട്. കൂടാതെ ബുക്കിംഗ് വഴിയായി ബേസിക് ഫസ്റ്റ് എയിഡ് കിറ്റും നൽകിവരുന്നു. മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും പ്രാർത്ഥനാസഹായത്തിനുമായി കൗൺസിലേഴ്സിന്റെ സഹായവും ഇവിടെ ലഭ്യമാണ്. ഇതിനുപുറമേ കോവിഡ് രോഗികൾക്ക് ആവശ്യമായ പ്ലാസ്മാ ഡൊണേഷനും, ആംബുലൻസ് സൗകര്യവും, ഡ്രൈ റേഷൻ കിറ്റുകളും, ഹൈജീൻ കിറ്റുകളും ഒരുക്കിയിരിക്കുന്നു. രോഗം ബാധിച്ചു മരിച്ചവരുടെ മൃതസംസ്ക്കാരത്തിനായുള്ള വോളന്റിയേഴ്സിന്റെ സേവനവും രൂപതയിൽ ലഭ്യമാണ്.

## ഇടുക്കി
രൂപത

# ബൈബിൾ വായനാ ചലഞ്ചുമായി ഇടുക്കി രൂപത

ഇടുക്കി : 2021 മെയ് 8 മുതൽ സെപ്റ്റംബർ 8 വരെ ഇടുക്കി രൂപത ബൈബിൾ അപ്പോസ്തലേറ്റും, ചെറുപുഷ്പ മിഷൻ ലീഗും ക്രിസ്തു ജ്യോതി വിശ്വാസ പരിശീലന കേന്ദ്രവും ചേർന്ന് 120 ദിവസത്തെ ബൈബിൾ റീഡിങ് ചലഞ്ച് മത്സരം സംഘടിപ്പിക്കുന്നു. അല്മായർ, വൈദികർ, സന്യസ്തർ, കുട്ടികൾ തുടങ്ങിയ എല്ലാവർക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. മറ്റു രൂപതകളിൽ നിന്നുള്ളവർക്കും പ്രായഭേദമന്യേ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. 120 ദിവസം കൊണ്ട് ബൈബിൾ മുഴുവനും വായിച്ചു തീർക്കുക. ദിവസേന നല്കപ്പെടുന്ന പത്ത് ചോദ്യങ്ങൾക്ക് ശരിയുത്തരം അയക്കുന്നവരിൽ നിന്നും നറുക്കെടുപ്പിലൂടെ 10 പേർക്ക് ദിവസവും ആകർഷകമായ സമ്മാനങ്ങളും നൽകുന്നു. ബൈബിൾ പഠിക്കുന്നതോടൊപ്പം തന്നെ വചനം ഉപയോഗിച്ച് പ്രാർത്ഥിക്കുവാനും കൂടിയാണ് ഈ ബൈബിൾ വായന സംരംഭം സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്.




# Youth Fest - 2021 Conducted in Thuckalay

## THUCKALAY
EPARCHY

Thuckalay: The Eparchial Movement of Youth Apostolate conducted Jubilee Year special cultural competitions in the month of April 2021. 'Prove yourself', 'Just a Minute Speech' and 'WhatsApp Status Creation'



were the individual competitions and group competitions were for the song, dance, choreography, and Mime. '25 years of Eparchy of Thuckalay' was the main theme for the Youth Fest - 2021. The Forane level competitions were held on 14 April 2021. Members of the Eparchial Executive Team were given the responsibilities to conduct the events. Youth Forane Directors oversaw the program. The individuals and groups that secured the first two places at the Forane level took part in the final competition conducted on 24 April 2021 at St. Joseph's Church Campus, Soosaipuram.

The Youth Fest began with the inaugural address delivered by Rev. Fr. Antony Jose. The Youth Fest witnessed competitive spirit among all the participating teams from various parishes. The Fest was very colorful and appreciated by the youth of the Eparchy. Christ the King Unit, Palapallam, and St. Xavier's Unit, Varuthattu were declared jointly Champions, and St. Antony's Unit, Vayalankarai was the runners-up. The prize distribution function was presided over by Mr. S. Isias, Principal of St. Alphonsa College of Arts and Science, Karinkal. The TCYM expressed joy and gratitude to Rev. Fr. Subin Scaria, Forane Director of Soosaipuram, and the youth of St. Joseph's Unit, Soosaipuram who helped to arrange the venue for the finals.



# യുവജനവർഷം പ്രഖ്യാപിച്ചുകൊണ്ട് അപ്പസ്തോലിക് വിസിറ്റേഷൻ യൂറോപ്പ്

SYRO MALABAR APOSTOLIC VISITATION **EUROPE**




യൂറോപ്പ്: യൂറോപ്പിലെ സീറോമലബാർ അപ്പസ്തോലിക് വിസിറ്റേഷൻ MISSIO എന്ന പേരിൽ 2021 മെയ് 22-ന് യുവജന വർഷം ആരംഭിക്കുന്നു. കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ് യുവജന വർഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നത്. മെയ് 22 വൈകിട്ട് 5 മണിക്ക് (CET) / (GMT 4 PM) ZOOM പ്ലാറ്റ്ഫോമിൽ യൂറോപ്പി ലെ 20 രാജ്യങ്ങളിൽ നിന്നുമുള്ള യുവജനങ്ങൾ ഒരുമിച്ചു കൂടുന്നു. യൂറോപ്പിലെ അപ്പോസ്തോലിക് വിസിറ്റേഷനിലെ എല്ലാവരുടെയും ശ്രദ്ധയും താല്പര്യവും ഈ വർഷം യുവജനങ്ങൾക്ക് നൽകണമെന്ന് വിശ്വാസികൾക്കായി നൽകിയ സർക്കുലറിൽ ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്ത് അറിയിച്ചു.

വിശ്വാസ ജീവിതത്തിലധിഷ്ഠിതമായ നേതൃത്വപാടവവും ദിശാബോധവുമുള്ള പുതുതലമുറയെ വാർത്തെടുക്കുവാനും എല്ലാ ഇടവകകളിലും മിഷൻ സെന്ററുകളിലും യുവജനശുശ്രൂഷയെ ശക്തിപ്പെടുത്തുവാനുമുള്ള വിവിധതരത്തിലുള്ള കർമ്മ പരിപാടികളാണ് ഈ യുവജനവർഷത്തിൽ SMYM യൂറോപ്പ് രൂപകല്പ്പന ചെയ്തിരിക്കുന്നതെന്ന് യൂത്ത് അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ബിനോജ് മുളവരിക്കൽ അറിയിച്ചു. കോവിഡ് മഹാമാരി കാലഘട്ടത്തിലും ഒട്ടേറെ പുതുമയാർന്ന പരിപാടികളുമായി യൂറോപ്പിലുള്ള യുവജനങ്ങളെ സജീവമാക്കാൻ SMYM യൂറോപ്പിനു കഴിഞ്ഞതായി SMYM ഭാരവാഹികൾ അറിയിച്ചു. വിവിധ പ്രോഗ്രാമുകൾ തയ്യാറാക്കിയിരിക്കുന്ന MISSIO എന്ന പേരിലറിയപ്പെടുന്ന യുവജന വർഷം 2022 മെയ് 22നാണ് പൂർത്തിയാകുന്നത്.

**രാമനാഥപുരം**
രൂപത

# കോവിഡ് വാർഡുകൾ തുറന്ന് രാമനാഥപുരം രൂപത





രാമനാഥപുരം: രണ്ടാംഘട്ട തീവ്ര കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രാമനാഥപുരം രൂപതയിലെ ആശുപത്രികളിൽ കോവിഡ് രോഗികൾക്കായി പ്രത്യേകം വാർഡുകൾ സജ്ജമാക്കി. ശരവണംപെട്ടി വിശ്വാസപുരം വിമൽജ്യോതി ആശുപത്രിയിലും ഈറോഡ് ക്രിസ്തുജ്യോതി ആശുപത്രിയിലുമാണ് പുതിയ കോവിഡ് വാർഡുകൾ പ്രവർത്തനമാരംഭിച്ചത്. വാർഡുകളുടെ വെഞ്ചരിപ്പും ഉദ്ഘാടനവും രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവ് നിർവഹിച്ചു.

**ബെൽത്തങ്ങാടി**
രൂപത

# വൈദീക വിദ്യാർത്ഥികൾ മൈനർ ഓർഡേഴ്സ് സ്വീകരിച്ചു



ബൽത്തങ്ങാടി: രൂപതയ്ക്കുവേണ്ടി വൈദിക പരീശീലനം നേടിക്കൊണ്ടിരിക്കുന്ന കോലകുന്നേൽ വർഗീസ്, മണപ്പാട്ട് മാത്യൂ, തടത്തനയിൽ വില്യം, വലിയപറമ്പിൽ ജോസഫ് എന്നിവർ ഡീക്കൻ പട്ടവും, തുറയ്ക്കൽ ജോസഫ്, കിഴക്കേത്താഴെ ജോസഫ് എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും മാർച്ച് 30-ന് രാവിലെ 7.30-ന് സെന്റ് ലോറൻസ് കത്തീഡ്രൽ ദേവാലയത്തിൽവച്ച് സ്വീകരിച്ചു. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി മുഖ്യകാർമ്മികത്വം വഹിച്ചു.



കളഞ്ച സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വച്ച് മേജർ സെമിനാരിക്കാരുടെ കൂട്ടായ്മ നടത്തി.



ഗാണ്ടിബാഗിലുവിൽ നവീകരിച്ച ദേവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു.

# മാനന്തവാടി രൂപതാദിനാഘോഷം

**മാനന്തവാടി**
രൂപത

മാനന്തവാടി: രൂപതയുടെ 48 മത് രൂപതാദിനാഘോഷം 2021 മേയ് 1-നു ഓൺലൈനായി സംഘടിപ്പിച്ചു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രണ്ടാം വർഷമാണ് ഓൺലൈനായി രൂപതാദിനാഘോഷം സംഘടിപ്പിക്കുന്നത്. റിന്യൂവൽ മിനിസ്ട്രി ടീം അംഗങ്ങളുടെ പ്രാർത്ഥനയോടെയാണ് മീറ്റിംഗ് ആരംഭിച്ചത്. പ്രോട്ടോ




സിഞ്ചല്ലൂസ് മോൺ. പോൾ മുണ്ടോളിക്കൽ സ്വാഗതം ആശംസിച്ചു. മാർ ജോസ് പൊരുന്നേടം അധ്യക്ഷ പ്രസംഗവും സീറോമലബാർ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹ പ്രഭാഷണവും നടത്തി. സുവർണ്ണ ജൂബിലിയോട് അടുക്കുന്ന രൂപതയുടെ കാലാനുസൃതമായ മാറ്റങ്ങൾ, മീഡിയ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ മേഖലയിലെ നവീന സംരംഭങ്ങൾ എന്നിവ മാതൃകാപരമാണെന്ന് മേജർ ആർച്ച് ബിഷപ് തന്റെ ആശംസയിൽ കൂട്ടിച്ചേർത്തു. CBCI ലേബർ കമ്മീഷന്റെ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ ജോയിന്റ് സെക്രട്ടറി ജോസഫ് ജൂഡ്, ഫാ. സുനിൽ വട്ടുകുന്നേൽ, സി. അതുല്യ MSJ, ജോസ് പുഞ്ചയിൽ, അഡ്വ. റിനു തെക്കേക്കൂറ്റ്, കുമാരി ജിജിന കറുത്തേടത്, ഐറിൻ സജി, മാസ്റ്റർ റിച്ചാർഡ് പോൾ എന്നിവർ പ്രസംഗിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സെബാസ്റ്റ്യൻ പാലംപറമ്പിൽ നന്ദിയർപ്പിച്ചു. രൂപത മീഡിയ കമ്മീഷനാണ് ഓൺലൈനായി ഈ പ്രോഗ്രാം ക്രമീകരിച്ചത്.

# കാഞ്ഞിരപ്പള്ളി രൂപത പിതൃവേദി ഉദ്ഘാടനം

**കാഞ്ഞിരപ്പള്ളി**
രൂപത

കാഞ്ഞിരപ്പള്ളി: പിതാക്കന്മാർക്കുവേണ്ടിയുള്ള സംഘടനയായ പിതൃവേദി കാഞ്ഞിരപ്പള്ളി രൂപതയിൽ ഉദ്ഘാടനം ചെയ്തു. മെയ് 1-ന് ഓൺലൈനായി നടന്ന സമ്മേളനത്തിൽ വച്ച് കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ മാർ ജോസ് പുളിക്കലാണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. ഭൗതിക സമ്പത്തിനേക്കാൾ വിലപ്പെട്ടത് ആത്മീയ സമ്പത്താണെന്നും പിതാക്കന്മാർ ഈ സമ്പത്ത് മക്കൾക്ക് പകർന്നു നൽകണമെന്നും അദ്ദേഹം പറഞ്ഞു.

കാഞ്ഞിരപ്പള്ളി രൂപതാ വികാരിജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ മുഖ്യസന്ദേശം നൽകി. പ്രോട്ടോസിഞ്ചെല്ലൂസ് ഫാ. ജോസഫ് വെള്ളമറ്റം പിതൃവേദി ലോഗോ പ്രകാശനം ചെയ്തു.

രൂപതാ ഭാരവാഹികളായി ഡോ. സാജു കൊച്ചുവീട്ടിൽ വെളിച്ചിയാനി (പ്രസിഡന്റ്), ഡോ. ജൂബി സ്കറിയ പള്ളിവാതുക്കൽ കൊല്ലമുള (സെക്രട്ടറി), ശ്രീ സിജോ പുത്തനങ്ങാടി പേഴുംപാറ (ട്രഷറർ), ശ്രീ സുബിൻ കിഴുകണ്ടയിൽ മണിപ്പുഴ (വൈസ് പ്രസിഡന്റ്), ശ്രീ ബിനീഷ് കളപ്പുരയ്ക്കൽ മേരികുളം (ജോയിന്റ് സെക്രട്ടറി) എന്നിവർ തെരഞ്ഞെടുക്കപ്പെടുകയും സത്യപ്രതിജ്ഞ ചെയ്ത് ഉത്തരവാദിത്വമേറ്റെടുക്കുകയും ചെയ്തു. രൂപതാ മാതൃവേദി പ്രസിഡന്റ് ശ്രീമതി ജിജി ജേക്കബ് പുളിയംകുന്നേൽ, രൂപത എസ്എംവൈഎം പ്രസിഡന്റ് ആദർശ് കുര്യൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.











മാണ്ഡ്യ രൂപത

# കോവിഡിനെ നേരിടാൻ മണ്ഡ്യ രൂപതയിൽ സമഗ്ര കർമ്മപദ്ധതികൾ

മണ്ഡ്യ: കോവിഡിന്റെ രണ്ടാം തരംഗം ശക്തമായി ആഞ്ഞടിക്കുന്ന മണ്ഡ്യരൂപതയുടെ ബാംഗ്ലൂർ, മൈസൂർ, മണ്ഡ്യ, ഹാസൻ മേഖലകളിൽ കോവിഡിനെ നേരിടാൻ പ്രത്യേക കർമ്മസമിതികൾ പ്രവർത്തനമാരംഭിച്ചു. ഇടവകതലത്തിൽ രൂപീകൃതമായിരിക്കുന്ന കോവിഡ് സമിതികൾ അതത് ഇടവകകളിലുള്ളവരുടെ ക്വാറന്റീൻ, മരുന്ന്, ആശുപത്രി ലഭ്യത, പാകം ചെയ്ത ഭക്ഷണം, ഭക്ഷണസാധനങ്ങളടങ്ങിയ കിറ്റുകൾ എന്നീ സേവനങ്ങൾ കോവിഡ് ബാധിതർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. രൂപതയിലെ മിക്കവാറും എല്ലാ ഇടവകകളും സ്വന്തമായി



ഓക്സിജൻ സിലിണ്ടറുകൾ വാങ്ങിയിട്ടുണ്ട്. ഈ സിലിണ്ടറുകൾ ആവശ്യാനുസരണം മറ്റു ഇടവകകളുമായി പങ്കുവെക്കുകയും ചെയ്യുന്നു. ബുദ്ധിമുട്ടുള്ള ഇടവകകൾക്ക് രൂപതാ കോവിഡ് സമിതിയുടെ ഓക്സിജൻ ശേഖരത്തിൽ നിന്ന് സിലിണ്ടറുകൾ ലഭ്യമാക്കുന്നുമുണ്ട്.

രൂപതയുടെ ധർമ്മാരാം, ജാലഹള്ളി മേഖലകളിലുള്ള ആംബുലൻസുകൾക്ക് പുറമേ മിക്കവാറും എല്ലാ ഇടവകകളിലും രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും ഓക്സിജൻ എത്തിക്കുന്നതിനുമായി പ്രത്യേക വാഹനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. മാനസികമായി സപ്പോർട്ട് ആവശ്യമുള്ളവർക്കായി പ്രയർ ആൻഡ് കൗൺസിലിംഗ് ടീം സദാ സജ്ജമാണ്. എല്ലാ പള്ളികളിലും സൗജന്യ വാക്സിനേഷൻ ക്യാമ്പുകൾ നടത്തുകയും തുടർ വാക്സിനേഷനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇടവകകളിൽ സാമ്പത്തികമായി ബുദ്ധിമുട്ടുള്ള കുടുംബങ്ങളെ സഹായിക്കാൻ കോവിഡ് കവച് ഇൻഷുറൻസ് പോളിസികൾ ഇടവകതലത്തിൽ സൗജന്യമായി നടപ്പിലാക്കി വരുന്നു. ഏതാണ്ട് എല്ലാ ഇടവകകളിലും കോവിഡ് ബാധിതർക്കും കുടുംബാംഗങ്ങൾക്കും സൗജന്യമായി ഭക്ഷണം സഹിതം താമസിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള സെന്ററുകളിൽ ഓക്സിജൻ ലഭ്യത ഉറപ്പു വരുത്തിയിട്ടുമുണ്ട്.

രോഗം കൂടുതലാകുന്ന സാഹചര്യങ്ങളിൽ ഹോസ്പിറ്റൽ അഡ്മിഷൻ ശരിയാക്കാൻ സഹായിക്കുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന രൂപതാ തലത്തിലുള്ള സർവീസ് ടീം പ്രവർത്തനനിരതമാണ്.ആശുപത്രികളിലേക്കും നാട്ടിലേക്കും രോഗബാധിതരെ കൊണ്ടുപോകാൻ ബാംഗ്ലൂരിലെ ആംബുലൻസ് സർവ്വീസുകൾ കൊള്ളനിരക്ക് ഈടാക്കി ചൂഷണം ചെയ്യുന്ന പശ്ചാത്തലത്തിൽ രൂപതാംഗങ്ങൾക്ക് സൗജന്യ നിരക്കിൽ ഈ സേവനം ലഭ്യമാക്കാൻ മണ്ഡ്യരൂപത പുതിയ ആംബുലൻസ് സർവ്വീസിന് തുടക്കമിടാനുള്ള ശ്രമങ്ങളിലാണ്.

കോവിഡ് സാഹചര്യങ്ങളെ കൂടുതൽ ഫലപ്രദമായി നേരിടുന്നതിന്റെ ഭാഗമായി രൂപതയിൽ പ്രവർത്തിക്കുന്ന എംഎസ്എഫ്എസ്, കമില്ലസ്, ക്ലരീഷ്യൻ, ഈശോ സഭാംഗങ്ങളുമായി ചേർന്ന് ചില പ്രധാന ദൗത്യങ്ങൾക്ക് തുട ക്കം കുറിച്ചു.

എംഎസ്എഫ്എസ് സഭാംഗങ്ങളുമായി സഹകരിച്ച് കോവിഡ് കെയർ സെന്ററുകൾ ഒരുക്കാനും പിപിഇ കിറ്റ്, മാസ്കുകൾ, ഭക്ഷണപ്പൊതി, ഭക്ഷ്യവസ്തുക്കളുടെ കിറ്റുകൾ മുതലായവ സൗജന്യമായി വിതരണം ചെയ്യാനും സ്ക്കൂൾ ബസുകൾ ആംബുലൻസുകളായി ഉപയോഗിക്കാനും തീരുമാനിച്ചു. കൂടാതെ കോവിഡ് മൂലം അനാഥരായിപ്പോയ കുഞ്ഞുങ്ങളെ ദത്തെടുത്ത് സഭയുടെ ബോയ്സ് ഹോമുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിപ്പിക്കും.

കമില്ലസ് സഭാംഗങ്ങൾ പിപിഇ കിറ്റ്, മാസ്ക്, ഓക്സിജൻ കോൺസൻട്രേറ്ററുകൾ, ഭക്ഷ്യസാധനങ്ങളുടെ കിറ്റുകൾ, മൃതദേഹം സംസ്ക്കരിക്കുന്നതിനുള്ള പെട്ടികൾ എന്നിവ ലഭ്യമാക്കും. കമില്ലസ് സഭയിലെ അലോപ്പതി ഡോക്ടർമാർ ചികിത്സക്കും കൗൺസിലിംഗിനും വോളന്റിയേഴ്സിനെ പരിശീലിപ്പിക്കുന്നതിനും സദാ സന്നദ്ധരാണ്.

ക്ലരീഷ്യൻ സഭാംഗമായ ബഹുമാനപ്പെട്ട ജോർജ്ജ് കണ്ണന്താനത്തച്ചൻ നേതൃത്വം നൽകുന്ന പ്രൊജക്ട് വിഷന്റെ സഹായത്തോടെ ആംബുലൻസ് സർവ്വീസ്, ഭക്ഷണവിതരണം, ഓക്സിജൻ കോൺസൻട്രേറ്ററുകളുടെ ലഭ്യത എന്നിവ ഉറപ്പു വരുത്തി. ബാംഗ്ലൂരിൽ ഡോൺ ബോസ്കോ ബിൽഡിംഗിൽ തുടങ്ങിയിട്ടുള്ള കോവിഡ് കെയർ സെന്ററിൽ മണ്ഡ്യ രൂപതാംഗങ്ങൾക്ക് പ്രവേശനവും ശുശ്രൂഷയും ലഭ്യമായിരിക്കും. ലോക്ഡൗൺ മൂലം ഒറ്റപ്പെട്ടുപോയ ഹെബ്ബേപുര മിഷൻ സെന്ററിൽ നിരാലംബർക്ക് ഭക്ഷണവും ചികിത്സയും ലഭ്യമാക്കുന്നതിനായി ഈശോസഭ രൂപതയ്ക്ക് രണ്ടര ലക്ഷം രൂപനൽകി.

യുദ്ധസമാനമായ ഈ സാഹചര്യത്തിൽ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ നേതൃത്വത്തിൽ രൂപതയുടെ സർവ്വസന്നാഹങ്ങളും വൈദികരും സന്യസ്തരും അൽമായ സഹോദരങ്ങളും ഇടവക-രൂപതാ തലങ്ങളിൽ ഒറ്റക്കെട്ടായി പരസ്പരം സഹകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഭിക്കുന്ന എല്ലാ സഹായാഭ്യർത്ഥനകൾക്കും പരിഹാരം കാണാൻ പരിശ്രമിക്കുന്നു. സർക്കാരിന്റെ സംവിധാനങ്ങൾക്ക് പരിമിതികൾ ഏറെയുള്ളതുകൊണ്ട് പ്രവാസികളായ രൂപതാംഗങ്ങൾക്ക് താങ്ങും തണലുമാവാൻ രൂപതാംഗങ്ങൾ മാത്രമേയുള്ളൂ എന്ന



തിരിച്ചറിവിൽ നിന്നാണ് ഈ ഉദ്യമങ്ങളുടെയെല്ലാം ആരംഭം. പ്രവാസ ജീവിതത്തിന്റെ പ്രാരാബ്ദങ്ങൾക്കിടയിലും പള്ളികളും വിശ്വാസക്കൂട്ടായ്മകളും പടുത്തുയർത്താൻ ചോര നീരാക്കിയ ജനതയോടൊപ്പം ഈ പ്രതിസന്ധി ഘട്ടത്തിൽ രൂപതയും നിലയുറപ്പിക്കുന്നു. സഹായിക്കാൻ ആരുമില്ലാത്തതിന്റെ പേരിൽ രൂപതയിലെ ഒരു വ്യക്തി പോലും ഭക്ഷണം കിട്ടാതെയും ചികിത്സ കിട്ടാതെയും ബുദ്ധിമുട്ടരുതെന്ന ദൃഢനിശ്ചയത്തിൽ, ദൈവത്തിലാശ്രയിച്ച് വിവിധ കർമ്മപദ്ധതികളുമായി മണ്ഡ്യ രൂപത മുന്നോട്ട് നീങ്ങുന്നു.

ചങ്ങനാശേരി അതിരൂപത

# പ്രോട്ടോക്കോളിന്റെ പേരിൽ മതവികാരം വ്രണപ്പെടുത്തരുത്: ജാഗ്രതാ സമിതി

ചങ്ങനാശേരി: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പേരിൽ മതവികാരം വ്രണപ്പെടുത്തുന്ന നടപടികൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതിൽ ചങ്ങനാശേരി അതിരൂപത പബ്ലിക് റിലേഷൻസ് - ജാഗ്രതാ സമിതി ഉത്കണ്ഠ രേഖപ്പെടുത്തി. സംസ്ഥാന സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചു തന്നെയാണ് ക്രിസ്ത്യൻ ആരാധനാലയങ്ങൾ പ്രവർത്തിച്ചു പോരുന്നത്. സർക്കാർ നേരത്തെ നൽകിയിരുന്ന നിർദ്ദേശപ്രകാരം ആരാധനാലയങ്ങളിലെ കർമ്മങ്ങളിൽ സാമൂഹിക അകലം പാലിച്ച് 75 പേർക്ക് പങ്കെടുക്കാമായിരുന്നു. സർവ്വകക്ഷി യോഗത്തിനു ശേഷം നൽകിയ നിർദ്ദേശപ്രകാരം ഇത് പരമാവധി 50 പേരാക്കി ചുരുക്കിയിരുന്നു. സർക്കാരിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കാനും തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ പരിഹാര നടപടികൾക്കു വിധേയരാകാനും ക്രൈസ്തവർ ബാധ്യസ്ഥരാണ്. എന്നാൽ ചില ഉദ്യോഗസ്ഥർ തങ്ങളുടെ ദാർഷ്ട്യം പ്രകടിപ്പിക്കാനും ക്രൈസ്തവ വിരോധം തീർക്കാനും കോവിഡ് പ്രൊട്ടോക്കോൾ നിയമങ്ങൾ ദുരുപയോഗിക്കുന്നത് തികച്ചും അപലപനീയമാണെന്നു സമിതി നിരീക്ഷിച്ചു.

കഴിഞ്ഞ ദിവസം കുട്ടനാട്ടിലെ പുതുക്കരി സെന്റ് സേവ്യേഴ്സ് പള്ളിയിൽ വിവാഹ കർമ്മത്തോടനുബന്ധിച്ച് വി. കുർബാന നടക്കുന്നതിനിടയിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ പള്ളിക്കുള്ളിൽ കടന്നു കയറുകയും കൃത്യമായി സാമൂഹിക അകലം പാലിച്ച് 50 ൽ താഴെ മാത്രം ആളുകൾ ഉൾക്കൊള്ളുന്ന ആരാധനാ സമൂഹത്തിന്റെ വി. കുർബാനയർപ്പണം തടസപ്പെടുത്തുകയും ചെയ്തു. പള്ളിയുടെയും വി. കുർബാനയുടെയും പവിത്രതയെ ബഹുമാനിക്കാതെ നടത്തപ്പെടുന്ന ഈ ഉദ്യോഗസ്ഥരാജ് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അതുപോലെ തന്നെ അതിരമ്പുഴ സെന്റ് മേരിസ് ഫൊറോന പള്ളിയിൽ വിശ്വാസ സമൂഹത്തെ പങ്കെടുപ്പിക്കാതെ മൂന്നു ശുശ്രൂഷികളെ മാത്രം ഉൾപ്പെടുത്തി വി. കുർബാന (പ്രൈവറ്റ് മാസ്) അർപ്പിച്ചിരുന്ന വൈദികനെ പോലീസ് സ്റേഷനിലേയ്ക്ക് വിളിച്ചു വരുത്തുകയും ഇനി വി.കുർബാന അർപ്പിക്കാൻ പാടില്ല എന്ന് നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.

വി. കുർബാന വിലക്കാൻ പോലീസിന് അവകാശമുള്ളതായി അറിവില്ല. ക്രൈസ്തവരുൾപ്പെടെ ഏതു മതത്തിൽ പെട്ടവരുടെയും ആരാധനാ സ്വാതന്ത്ര്യത്തിനുമേൽ ഉദ്യോഗസ്ഥർ കടന്നു കയറുന്നത് ശരിയായ നടപടിയല്ല. സർക്കാർ നിർദ്ദേശങ്ങൾ നിലനിൽക്കുമ്പോൾ ഉദ്യോഗസ്ഥർ സ്വന്തമായി നിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമല്ല. മറേറതൊരു സമൂഹത്തോടും സ്വീകരിക്കാൻ മടിക്കുന്ന നടപടികൾ ഇവർ ക്രൈസ്തവ സമൂഹത്തിന്റെ നേരെ മാത്രം പ്രയോഗിക്കുന്നത് അംഗീകരിക്കാൻ സാധിക്കുകയില്ല. ക്രൈസ്തവരുടെ മതവികാരങ്ങൾ വ്രണപ്പെടുത്തുന്നതിനുള്ള ആസൂത്രിത ശ്രമമാണ് ഇതിനു പിന്നിലെങ്കിൽ ശക്തമായ പ്രതിഷേധങ്ങൾ ഉണ്ടാവുകതന്നെ ചെയ്യുമെന്ന് ജാഗ്രതാ സമിതി അറിയിച്ചു.

തൃശ്ശൂർ അതിരൂപത

# തൃശ്ശൂർ അതിരൂപത കോവിഡ് ടാസ്ക് ഫോഴ്സ്

തൃശ്ശൂർ: കഴിഞ്ഞ 9 മാസങ്ങൾക്കുള്ളിൽ ക്രൈസ്തവ ആചാരങ്ങളോടെ 300 കോവിഡ് സംസ്കാരങ്ങൾ നടത്തി തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ ക്ഷേമ പ്രസ്ഥാനമായ സാന്ത്വനം ടാസ്ക് ഫോഴ്സ്. കോവിഡ് അതിതീവ്ര വ്യാപന ഘട്ടത്തിൽ മാത്രം 100 ക്രൈസ്തവ മൃത സംസ്കാരങ്ങൾ നടത്തിയ സാന്ത്വനം ടാസ്ക് ഫോഴ്സിൽ വൈദികരും യുവജനങ്ങളും ഉണ്ട്. ഇതിൽ 49 ക്രിമേഷനുകളും പള്ളി സെമിത്തേരികളിൽ 51 മൃതസംസ്കാരങ്ങളും നടത്തി.



# മലയോര മേഖലയ്ക്ക് ആശ്വാസമായി ആധുനിക സൗകര്യങ്ങളോടെ തലശ്ശേരി അതിരൂപതയുടെ കോവിഡ്-19 ട്രീറ്റ്മെന്റ് സെന്റർ

തലശ്ശേരി അതിരൂപത

കണ്ണൂർ : കോവിഡ് -19 രണ്ടാം തരംഗം ശക്തമായ പശ്ചാത്തലത്തിൽ എല്ലാ ആശുപ്രതികളിലും പ്രത്യേകം ചികിത്സാ സൗകര്യങ്ങൾ ഒരുക്കണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനപ്രകാരം ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കി തലശ്ശേരി രൂപത. കോവിഡ്-19 ചികിത്സയുടെ ഭാരിച്ച ചിലവുകൾ താങ്ങാനാവാതെ മലയോര മേഖലയിലെ സാധാരണക്കാർ ചികിത്സ തേടാതെയും മരുന്നുകൾ കഴിക്കാതെയും രോഗത്തിന് കീഴടങ്ങുന്ന സാഹചര്യത്തിൽ അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശപ്രകാരം തലശ്ശേരി അതിരൂപതയുടെ കീഴിൽ കരുവഞ്ചാലിൽ പ്രവർത്തിച്ചുവരുന്ന സെന്റ് ജോസഫ്സ് ആശുപ്രതിയുടെ സഹകരണത്തോടെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ്-19 ട്രീറ്റ്മെന്റ് സെന്റർ ആരംഭിച്ചു. കണ്ണൂർ ജില്ലയിലെ മലയോര മേഖലയിലെ സാധാരണക്കാർക്ക് സർക്കാർ നിർദ്ദേശിച്ചതിലും വളരെ കുറഞ്ഞനിരക്കിലും അതിനും സാധിക്കാത്തവർക്ക് സൗജന്യമായും യഥാസമയം ചികിത്സ ഉറപ്പുവരുത്താൻ ഇതുവഴി സാധിക്കുന്നു.

രണ്ട് വെന്റിലേറ്ററുകൾ, നാലു സെമി വെന്റിലേറ്ററുകൾ, സെൻട്രലൈസ്ഡ് ഓക്സിജൻ സൗകര്യത്തോടുകൂടിയ 50-ഓളം ബെഡുകൾ, ലാബ്, എക്സ്റേ, ഇസിജി, മോണിറ്റർ, മറ്റു മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം ഇവിടെ തയ്യാറാക്കിയിട്ടുണ്ട്. മറ്റ് അടിസ്ഥാനസൗകര്യങ്ങളുടെ പൂർത്തീകരണം ഒരാഴ്ചയ്ക്കുള്ളിൽ തന്നെ നടത്തുന്നതാണെന്ന് തലശ്ശേരി സോഷ്യൽ സർവ്വീസ്



സൊസൈറ്റി ഡയറക്ടറും പ്രസ്തുത കോവിഡ്-19 ട്രീറ്റ്മെന്റ് സെന്റർ ഡയറക്ടറുമായ ഫാ. ബെന്നി നിരപ്പേൽ അറിയിച്ചു. കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് അധ്യക്ഷത വഹിച്ച ലഘു ചടങ്ങിൽ സെന്ററിന്റെ ഔപചാരിക ഉദ്ഘാടനകർമ്മം ബഹു. കേരള മുൻ ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ഓൺലൈൻ വഴി നിർവ്വഹിച്ചു. തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി അനുഗ്രഹ പ്രഭാഷണം നടത്തി. കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ മുഞ്ഞേലി, അസി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോളി പുത്തൻപുര, മഹാരാഷ്ട്രയിലെ ബെൽ എയർ ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ടോമി കരിയിലക്കുളം തുടങ്ങിയവർ ഓൺലൈൻ വഴി മുഖ്യാതിഥികളായി ചടങ്ങിൽ സംബന്ധിച്ചു. ഇരിക്കൂർ നിയോജകമണ്ഡലം എം.എൽ.എ. അഡ്വ. സജീവ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. തളിപ്പറമ്പ് മുൻ എം.എൽ.എ. ശ്രീ. ജെയിംസ് മാത്യു, ആലക്കോട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോജി കന്നിക്കാട്ടിൽ, ഉദയഗിരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.എഫ്. ചന്ദ്രശേഖരൻ, നടുവിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബേബി ഓടം പള്ളിയിൽ, ആലക്കോട് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. വിനോദ്, പാസ്റ്ററൽ കോർഡിനേറ്ററും തലശ്ശേരി സന്ദേശഭവൻ ഡയറക്ടറുമായ റവ. ഡോ. ഫിലിപ്പ് കവിയിൽ, കരുവഞ്ചാൽ ഇടവക വികാരി റവ. ഫാ. ജോസഫ് ഈനാച്ചേരിൽ, പ്രോഗാം കൺവീനർ ശ്രീ. പി.ടി. ജോസ് തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. തോമസ് വടക്കേമുറി ചടങ്ങിൽ സംബന്ധിച്ചവർക്ക് നന്ദിയർപ്പിച്ചു. തുടർന്ന് കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിൽ സേവനം ചെയ്യാൻ തയ്യാറായി വന്ന ഡോക്ടേർസ്, സിസ്റ്റേഴ്സ് എന്നിവരെ അഭിനന്ദിക്കുകയും നേഴ്സുമാരെ ആദരിക്കുകയും ചെയ്തു. ഇരിക്കൂർ നിയോജകമണ്ഡലം എം.എൽ.എ. അഡ്വ. സജീവ് ജോസഫ് കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിലെ സെൻട്രലൈസ്ഡ് ഓക്സിജൻ യൂണിറ്റിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

കോതമംഗലം അതിരൂപത

# കോവിഡിനെ പ്രതിരോധിക്കാൻ പുതിയ കർമപദ്ധതികളുമായി കോതമംഗലം രൂപത

കോതമംഗലം: കോവിഡ് വ്യാപനം ഗുരുതരമായി തുടരുന്ന സാഹചര്യത്തിൽ പുതിയ കർമ പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ട് കോതമംഗലം രൂപത. കെസിബിസിയുടെ ആഹ്വാനമനുസരിച്ച് രൂപതയിലെ വൈദികർ, ആശുപത്രി അഡ്മിനിസ്ട്രേറ്റർമാർ, സംഘടനാ ഡയറക്ടർമാർ, ഭാരവാഹികൾ എന്നിവരുടെ ഓൺലൈൻ യോഗം ചേർന്നു. തുടർന്ന് നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ രൂപത, ഫൊറോന, ഇടവക തലങ്ങളിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ ഏകോപിപ്പിക്കാൻ 12 അംഗ കോവിഡ് പ്രിവൻഷൻ ഓർഗനൈസിംഗ് ടീം രൂപീകരിച്ചു. കൂടാതെ ഫൊറോന തലത്തിൽ കൺട്രോൾ റൂമുകളും തുറന്നു. കോവിഡ് രോഗ ബാധിതരായവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ട പിന്തുണ നൽകാൻ എകെസിസി, കെസിവൈഎം, സിഎംഎൽ, മാതൃവേദി, ഫാമിലി അപ്പോസ്തലേറ്റ് എന്നീ സംഘടനകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി പത്തുപേരിൽ കുറയാത്ത ഡിസാസ്റ്റർ മാനേജ്മെന്റ് ടീം ഇടവക തലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

പൾസ് ഓക്സിമീറ്റർ, ഡിജിറ്റൽ തെർമോമീറ്റർ, സ്റ്റീം ഇൻഹേലർ, സാനിറ്റൈസർ (500ml), മാസ്കുകൾ ഇവ ഉൾപ്പെടുന്ന കോവിഡ സേഫ്റ്റി കിറ്റ് എന്നിവ ഇടവകതലത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചു. കോവിഡ് ബാധിതരായി ഭവനങ്ങളിൽ കഴിയുന്നവർക്ക് ഭക്ഷണവും മരുന്നും ലഭ്യമാക്കാനുള്ള ക്രമീകരണം സോഷ്യൽ സർവീസ് ഡിപ്പാർട്ട്മെന്റ് സഹകരണത്തോടെ തുടങ്ങിയിട്ടുണ്ട്. കോവിഡ് രോഗികൾക്ക് സ്വന്തം വീട്ടിൽ താമസിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടെങ്കിൽ ഇടവകതലത്തിൽ അതിനുള്ള മറ്റു ക്രമീകരണങ്ങൾ ഒരുക്കുന്നു. ഇടവകയിൽ ആൾതാമസമില്ലാത്ത വീടുകളും മറ്റു കെട്ടിടങ്ങളും ഉണ്ടെങ്കിൽ അവ ഉപയോഗപ്പെടുത്താനുള്ള സാധ്യതയും പരിശോധിച്ചു വരുന്നു. ആശുപത്രിയിലെത്തി ആന്റിജൻ ടെസ്റ്റ് നടത്തുവാൻ ബുദ്ധിമുട്ടുള്ളവർക്കുവേണ്ടി ആവശ്യമായ സ്ഥലങ്ങളിൽ മൊബൈൽ ആന്റിജൻ ടെസ്റ്റിനും അത്യാവശ്യ മരുന്നുകൾ സൗജന്യമായി നൽകുവാനുമുള്ള സൗകര്യം കോതമംഗലം ധർമ്മഗിരി, മുതലക്കോടം ഹോളിഫാമിലി, മൂവാറ്റുപുഴ നിർമല മെഡിക്കൽ സെന്റർ എന്നീ ആശുപത്രികളുടെ സഹകരണത്തോടെ ഒരുക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയിൽ നിന്ന് ലോകം മുക്തി പ്രാപിക്കാൻ പ്രതീക്ഷയൊടെയും പ്രാർത്ഥനയുടെയും കാത്തിരിക്കണമെന്ന് ഓൺലൈനിൽ നടത്തിയ യോഗത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പറഞ്ഞു. അതോടൊപ്പം, പ്രതിസന്ധിയുടെ ഈ കാലത്ത് വ്യത്യസ്ത മേഖലകളിൽ ആത്മാർത്ഥമായ ശുശ്രൂഷ ചെയ്യുന്നവരെ അഭിവന്ദ്യ പിതാവ് അഭിനന്ദിക്കുകയും ചെയ്തു.



# ക്രൈസ്തവ-ഇസ്ലാമിക വിശ്വാസങ്ങളിലെ അടിസ്ഥാനപരമായ വ്യത്യാസങ്ങൾ

## സീറോമലബാർ മതബോധന കമ്മീഷൻ നല്കുന്ന പ്രസ്താവന



റവ. ഡോ. തോമസ് മേൽവെട്ടത്ത്
(സെക്രട്ടറി, വിശ്വാസപരിശീലന കമ്മീഷൻ)

ക്രൈസ്തവ-ഇസ്ലാമിക വിശ്വാസങ്ങളിലെ ചില താരതമ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വിവാദ വിഷയമാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചില വിവാദങ്ങളിലെങ്കിലും സഭയുടെ മതപഠന ഗ്രന്ഥങ്ങളെ പ്രതിസ്ഥാനത്തു നിർത്തുന്ന പരാമർശങ്ങൾ കാണാൻ ഇടവന്നതിനാൽ സീറോമലബാർ സഭയുടെ മതബോധന കമ്മീഷൻ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്താൻ ആഗ്രഹിക്കുന്നു.

1. ഇതര മതവിശ്വാസങ്ങളെയും അവരുടെ ആചാരങ്ങളെയും ആദരവോടെ വിലയിരുത്തുന്നതിൽ ക്രൈസ്തവർക്കു വീഴ്ചവരാൻ പാടില്ല എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചിന്തയാണ് നമ്മുടെ പ്രബോധനങ്ങൾക്ക് വഴിവിളക്കാവുന്നത്. അനാവശ്യമായ താരതമ്യങ്ങളിലൂടെ ഇതരമതവിശ്വാസങ്ങളെ ഇകഴ്ത്തുന്ന എല്ലാ പ്രവണതകളിൽനിന്നും ക്രൈസ്തവർ ബോധപൂർവ്വം അകന്നു നിൽക്കണം. കാരണം. എല്ലാ മനുഷ്യരുടെയും സ്രഷ്ടാവും പരിപാലകനുമാണ് ദൈവം. ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ എല്ലാ മനുഷ്യരും നമുക്ക് സഹോദരങ്ങളാണ്.


2. ദൈവം ഒന്നേയുള്ളൂ. ആ ദൈവത്തിലാണ് എല്ലാ മതാനുയായികളും വിശ്വസിക്കുന്നത്. എന്നാൽ, ദൈവത്തെക്കുറിച്ചുള്ള അവബോധത്തിൽ വിവിധ മതങ്ങളുടെ പ്രബോധനങ്ങളിൽ വ്യതിരിക്തതകളുണ്ട്. പഴയ നിയമത്തിലെ യഹോവയുമായി സാമ്യമുള്ള പല പരാമർശങ്ങളും ഖുറാനിലെ ദൈവമായ അള്ളായെക്കുറിച്ചും കാണാമെങ്കിലും ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ദൈവത്തെക്കുറിച്ചുള്ള ധാരണ ഒന്നാണെന്നു പറയുക സാധ്യമല്ല. ആ അർത്ഥത്തിൽ ഖുറാനിലെ ദൈവവും ബൈബിളിലെ ദൈവവും ഒന്നാണെന്ന പ്രസ്താവനയും ശരിയല്ല. സ്നേഹവും കരുതലും കരുണയുമുള്ള പിതാവായ ദൈവത്തെക്കുറിച്ച് അവിടുത്തെ പുത്രനായ ഈശോ നൽകിയ വെളിപ്പെടുത്തലുകൾക്ക് ഉപരിയായ മറ്റൊരു വെളിപാടും ക്രൈസ്തവ വിശ്വാസത്തിനു നിരക്കുന്നതല്ല.

3. ത്രിയേക ദൈവത്തിലെ രണ്ടാം ആളായ പുത്രൻ തമ്പുരാനായ ഈശോ മിശിഹായും ഖുറാനിൽ പരാമർശിക്കുന്ന ഈസാ നബിയും തികച്ചും വ്യത്യസ്തരായ വ്യക്തികളാണ്. പുതിയ നിയമം എഴുതപ്പെട്ട് ആറുനൂറ്റാണ്ടുകൾക്കുശേഷം എഴുതപ്പെട്ട ഖുറാനിൽ ബൈബിളിലെ ഈശോ മിശിഹായുടെ ജനന വിവരണത്തിൽനിന്നുള്ള ചില പരാമർശങ്ങൾ ഈസാനബിയെക്കുറിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, കേവലം ഒരു പ്രവാചകനായ ഈസായും ദൈവപുത്രനും ലോകരക്ഷകനുമായ ഈശോയും തമ്മിൽ സാമ്യത്തെക്കാൾ വ്യത്യാസമുണ്ട്. സ്നേഹത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശിലേറി മരിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവനായ ക്രിസ്തുവിലാണ് ക്രൈസ്തവർ വിശ്വസിക്കുന്നത്. ആകാശത്തിനു കീഴിൽ മനുഷ്യനു വെളിപ്പെടുത്തപ്പെട്ട ഏകരക്ഷാമാർഗ്ഗം അവനാണ്. ക്രിസ്തുസംഭവത്തിലെ രക്ഷാകരരഹസ്യങ്ങളൊന്നും മുസ്ലീങ്ങൾ വിശ്വസിക്കുന്നില്ല എന്നതിൽനിന്നും ഈസാനബിയും ഈശോമിശിഹായും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാണ്.

4. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം ത്രിതൈക ദൈവത്തിലുള്ള വിശ്വാസമാണ്. പരിശുദ്ധത്രിത്വത്തെ നിഷേധിക്കുന്ന ഇസ്ലാമിക വിശ്വാസം ക്രൈസ്തവ വിശ്വാസത്തിൽനിന്ന് അടിസ്ഥാനപരമായി വ്യത്യസ്തമാണ്. ഏകദൈവം എങ്ങനെ മൂന്ന് ആളുകളാകുന്നു എന്ന ചോദ്യത്തിന് ക്രൈസ്തവ വിശ്വാസത്തിൽ വ്യക്തമായ ഉത്തരമുണ്ട്. ദൈവം തന്നെയായ ഈശോ ദൈവത്തെ ത്രിത്വമായി വെളിപ്പെടുത്തിയതിനാൽ ഈ വെളിപാട് സ്വീകരിച്ച് ഏറ്റുപറയുന്നവരാണ് ക്രൈസ്തവർ. ത്രിതൈകമല്ലാത്ത ദൈവവിശ്വാസങ്ങൾക്ക് ക്രിസ്തീയതയുമായി ബന്ധമില്ല.

5. ഈശോയുടെ അമ്മയായ മറിയവും ഖുറാനിലെ ഈസാനബിയുടെ അമ്മയായ മിറിയാമും തമ്മിൽ പേരിലുള്ള സാമ്യം മാത്രമേയുള്ളൂ. പരിശുദ്ധമറിയം, അമലോത്ഭവയും നിത്യകന്യകയും ദൈവമാതാവും സ്വർഗ്ഗാരോപിതയുമാണ്. ഈ സത്യങ്ങളൊന്നും ഖുറാനിലെ മിറിയാമിനു ചേരുന്നതല്ല. അടിസ്ഥാനപരമായ വ്യത്യാസങ്ങളെ തമസ്കരിച്ചുകൊണ്ടുള്ള അനാവശ്യ താദാത്മീകരണങ്ങൾ ക്രിസ്തീയ വിശ്വാസത്തിന്റെ തനിമയെ തകർക്കുന്നതാണ്.

പഴയ നിയമത്തിലെ യഹോവയുമായി സാമ്യമുള്ള പല പരാമർശങ്ങളും ഖുറാനിലെ ദൈവമായ അള്ളായെ ക്കുറിച്ചും കാണാമെങ്കിലും ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ദൈവത്തെക്കുറിച്ചുള്ള ധാരണ ഒന്നാണെന്നു പറയുക സാധ്യമല്ല.




6. യഹൂദ-ക്രിസ്ത്യൻ-ഇസ്ലാം മതങ്ങൾ സെമിറ്റിക് പാരമ്പര്യത്തിൽ രൂപം കൊണ്ടതും ഏകദൈവവിശ്വാസത്തിലധിഷ്ഠിതവുമായ മൂന്നു ലോകമതങ്ങളാണ്. അതിനാൽ തന്നെ മതഗ്രന്ഥങ്ങളിലെ വിവരണങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ചില സാദൃശ്യങ്ങൾ സ്വാഭാവികമാണ്. എന്നാൽ പ്രസ്തുത സാദൃശ്യങ്ങളുടെ വെളിച്ചത്തിൽ മൂന്നു മതവിശ്വാസങ്ങളും ഒന്നാണെന്നു വരുത്താനുള്ള അനാവശ്യ വ്യഗ്രതയിൽ ചില ദുരുദ്ദേശങ്ങൾ സംശയിച്ചാൽ കുറ്റം പറയാനാവില്ല. അനാവശ്യവും അടിസ്ഥാനരഹിതവുമായ ഇത്തരം താരതമ്യ പ്രസ്താവനകൾ പലപ്പോഴും ക്രൈസ്തവ വിശ്വാസത്തിന്റെ അനന്യതയെ അപകടപ്പെടുത്തുന്നതാണ്. അതിനാൽത്തന്നെ അവയെ അംഗീകരിക്കാൻ ക്രൈസ്തവർക്കു കഴിയില്ല. എന്നാൽ എല്ലാ മതവിശ്വാസികളെയും ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരങ്ങളായി കരുതി സ്നേഹിക്കാനും സേവിക്കാനും ക്രൈസ്തവർക്കു കടമയുണ്ട്. പരസ്പരം സ്നേഹിക്കുക എന്നതാണ് ക്രിസ്തുവിന്റെ കല്പനകളുടെ സാരസംഗ്രഹം. ക്രിസ്തീയ വിശ്വാസത്തെ വളർത്തുന്നതും മതസൗഹാർദ്ദത്തെ പരിപോഷിപ്പിക്കുന്നതുമായ സത്യങ്ങൾ മാത്രമാണ് സഭയുടെ മതബോധന ഗ്രന്ഥങ്ങളിലും (ഉദാ: പന്ത്രണ്ടാം ക്ലാസ്സ്, ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും. 69) അനുബന്ധ പഠനങ്ങളിലും (ഉദാ: ഡോ. മൈക്കിൾ കാരിമറ്റം, കത്തോലിക്കാ വിശ്വാസവും വെല്ലുവിളികളും) നൽകിക്കൊണ്ടിരിക്കുന്നത്.

7. പന്ത്രണ്ടാം ക്ലാസ്സിലെ 'ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും' എന്ന പാഠപുസ്തകം തയ്യാറാക്കിയ കാലഘട്ടത്തിൽ നിന്നും ഏറെ വ്യത്യസ്തമായ മതാത്മക കാഴ്ചപ്പാടുകളാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ അന്ന് നൽകിയ പ്രബോധനം, വിശ്വാസികൾക്ക് തെറ്റിദ്ധാരണകൾക്ക് ഇടയാകുമെന്ന് മനസ്സിലാക്കുന്നതിനാൽ തിരുത്തി ഇസ്ലാം മതത്തെക്കുറിച്ച് ഇപ്രകാരമാണ് 2021 മുതലുള്ള പുസ്തകത്തിൽ ചേർത്തിരിക്കുന്നത്: "ആറാം നൂറ്റാണ്ടിൽ സൗദി അറേബ്യായിലെ മക്കയിൽ ജനിച്ച മുഹമ്മദ് നബിക്ക് ജബ്രീൽ എന്ന ദൈവദൂതൻ വഴി മുസ്ലീങ്ങളുടെ ദൈവമായ 'അള്ളാഹു' നേരിട്ട് ഓതിക്കൊടുത്തു എന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്ന 'ഖുറാന്റെ' അടിസ്ഥാനത്തിൽ രൂപം കൊണ്ട മതമാണ് ഇസ്ലാം മതം. ഏകദൈവ വിശ്വാസികളാണ് മുസ്ലീങ്ങൾ. യഹൂദ ക്രൈസ്തവ വിശ്വാസപ്രമാണങ്ങൾ, ആചാരരീതികൾ, ദൈവശാസ്ത്ര വീക്ഷണങ്ങൾ എന്നിവയിൽ നിന്നും അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഇസ്ലാം മതം പുലർത്തുന്നു. ബൈബിളിൽ വെളിപ്പെടുത്തപ്പെടുന്ന ഏക സത്യ ദൈവത്തിൽ നിന്നും ഏറെ വിഭിന്നനാണ് ഖുറാനിലെ അള്ളാഹു". അതിനാൽ ഈ വിഷയത്തെക്കുറിച്ച് ഇനിയും ആശയക്കുഴപ്പമുണ്ടാക്കാതിരിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ.

സി. എം. സി.
കോൺഗ്രിഗേഷൻ

## കോൺവെന്റുകളെ ഹോസ്പിറ്റലുകളാക്കി സിഎംസി സന്യാസിനിമാർ



ഗുജറാത്ത്: സിഎംസി സന്യാസിനി സമൂഹത്തിന്റെ രാജ്കോട്ട് വിമൽജ്യോതി മിഷൻ റീജിയണിനു കീഴിലുള്ള കോൺവെന്റുകളാണ് കോവിഡ് വ്യാപനം രൂക്ഷമായ പശ്ചാത്തലത്തിൽ തങ്ങളുടെ കോൺവെന്റിനോട് ചേർന്നുള്ള ഡിസ്‌പെൻസറികളിൽ ചികിത്സാ സൗകര്യമൊരുക്കി കോവിഡ് രോഗികൾക്ക് ആശ്വാസം പകരുന്നത്. സർക്കാർ ആശുപത്രികളിൽ മതിയായ ചികിത്സ കിട്ടാത്തവരും ആശുപത്രിയിൽ പോകാൻ താല്പര്യം ഇല്ലാത്തവരുമായ ഗ്രാമീണരെയാണ് സന്യാസിനിമാർ ചികിത്സിക്കുന്നത്. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഈ ഡിസ്‌പെൻസറികളിൽ തങ്ങളെ തേടിയെത്തുന്ന ആരെയും നിരാശരാക്കാതെ ആവശ്യമായ ചികിത്സ നൽകി വരുന്നു. രാവിലെ എട്ടുമണി മുതൽ രാത്രി വൈകുന്നതുവരെ രോഗികളെ പരിശോധിച്ചും മരുന്ന് നൽകിയും സന്യാസിസിനിമാർ ഗ്രാമീണരെ സഹായിക്കുന്നു. കിടത്തി ചികിത്സ അപര്യാപ്തമായ ഡിസ്‌പെൻസറികളിൽ ഗ്രാമവാസികൾ തന്നെ പന്തലുകൾ ഒരുക്കി ഗ്രാമത്തിൽ നിന്നും കട്ടിലുകളും മറ്റും ശേഖരിച്ച് കിടപ്പുരോഗികൾക്ക് വേണ്ട സൗകര്യം ഒരുക്കിയിട്ടുണ്ട്. തങ്ങളാലാവും വിധം ഈ പാവപ്പെട്ട രോഗികൾക്ക് ചികിത്സയും ആശ്വാസവുമേകാൻ ഈ മേഖലയിലെ വിവിധ കോൺവെന്റുകളിലെ സന്യാസിനിമാർ അശ്രാന്തം പരിശ്രമിക്കുന്നു.

എഫ്. എസ്. ഡി
കോൺഗ്രിഗേഷൻ

## കോവിഡ് രോഗീ പരിചരണത്തിൽ എഫ് എസ് ഡി സിസ്റ്റേഴ്സ്




തോപ്രാംകുടി: നിരാലംബരും അഗതികളും കിടപ്പു രോഗികളുമായ തങ്ങളുടെ അന്തേവാസികൾക്ക് പുറമേ ഈ കോവിഡ് കാലത്ത് തെരുവിൽ നിന്നും പോലീസുകാർ കണ്ടെത്തി കൊണ്ടുവന്ന് ഏൽപ്പിച്ചവർ ഉൾപ്പെടെയുള്ളവരെ ശുശ്രൂഷിച്ചുകൊണ്ട് എഫ്.എസ്.ഡി സന്യാസിനിമാർ കർമ്മനിരതരാകുന്നു. കോവിഡ് രോഗം ബാധിച്ച് മരിച്ച അന്തേവാസിയുടെ മൃതദേഹം അന്ത്യകർമ്മങ്ങൾക്കായി പി.പി.ഇ കിറ്റ് അണിഞ്ഞ് സിസ്റ്റേഴ്സ് തന്നെയാണ് സംസ്കരിക്കാൻ കൊണ്ടുപോയത്.

## രജത ജൂബിലിയുടെ നിറവിൽ നസ്രത്ത് സഹോദരിമാർ

സി. എസ്. എൻ.
കോൺഗ്രിഗേഷൻ

എറണാകുളം: മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിനാൽ സ്ഥാപിതമായ നസ്രത്ത് സഹോദരികളുടെ സന്യാസിനി സമൂഹം (CSN) രജത ജൂബിലി ആഘോഷിച്ചു. 1948 മാർച്ച് 18-ന് എറണാകുളം-അങ്കമാലി അതിരൂപതയിൽപ്പെട്ട എടുക്കുന്നിൽ, കുടുംബങ്ങളുടെ സർവ്വതോന്മുഖമായ സമുദ്ധാരണം ലക്ഷ്യമാക്കി രൂപം കൊണ്ടതാണ് നസ്രത്ത് സഹോദരികളുടെ സന്യാസിനി സമൂഹം. മോൺസിഞ്ഞോർ മാത്യു മങ്കുഴിക്കരി, ബഹുമാനപ്പെട്ട ജോൺ പിണക്കാട്ട് അച്ചൻ എന്നിവർ സഹസ്ഥാപകരാണ്. വളർച്ചയുടെ പടവുകൾ താണ്ടി ഇന്ന് കേരളത്തിനകത്തും പുറത്തും വിദേശത്തും ശുശ്രൂഷ





ചെയ്യുന്ന ഈ സന്യാസിനി സമൂഹം 1996-ൽ സെന്റ് ജോസഫ്സ്, സെന്റ് മേരിസ്, ക്രിസ്തു ജ്യോതി എന്നിങ്ങനെ മൂന്ന് പ്രോവിൻസുകളായി തിരിഞ്ഞു. ഈ പ്രോവിൻസുകളുടെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനം കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വളരെ ലളിതമായി നടത്തി. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കലും വികാരി ജനറാൾ റവ. ഫാ. ജോയ് ഐനിയാടനും മറ്റ് വൈദികരും സന്നിഹിതരായിരുന്നു. ഈ കാലയളവിൽ സുപ്പീരിയർ ജനറലായി മദർ ടെറസിനും പ്രോവിൻഷ്യൽ സുപ്പീരിയേഴ്സായി യഥാക്രമം മദർ അൽഫോൻസ്, മദർ തെയോഡേഷ്യ, മദർ ലത എന്നിവരുമാണ് സേവനമനുഷ്ഠിക്കുന്നത്.

## പ്രളയബാധിതർക്ക് സാന്ത്വനമായി വിൻസെൻഷ്യൻ സഭ

വിൻസെൻഷ്യൻ
കോൺഗ്രിഗേഷൻ

പാലക്കാട്: 2019 ആഗസ്റ്റ് മാസത്തിൽ നടന്ന പ്രളയ ദുരന്തത്തിന്റെ കെടുതികളെ നേരിടാൻ പാലക്കാട് ജില്ലയിലെ തച്ചമ്പാറയ്ക്കടുത്ത് ചീനിക്കപ്പാറ എന്ന സ്ഥലത്തെ ആളുകൾ ഇപ്പോഴും പാടുപെടുകയാണ്. അന്ന് ഉണ്ടായ ഉരുൾപൊട്ടലുകൾ അവരുടെ ജീവിതത്തിൽ കനത്ത നാശനഷ്ടങ്ങൾ വരുത്തി. അവരിൽ പലർക്കും തങ്ങളുടെ വീടും ഭൂമിയും നഷ്ടപ്പെട്ടു. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് വിൻസെൻഷ്യൻ സഭാ മേരിമാതാ പ്രോവിൻസ് സാമൂഹിക പ്രവർത്തന വിഭാഗമായ വിൻസെൻഷ്യൻ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ദുരിതബാധിത പ്രദേശങ്ങളിലേക്ക് വർക്കി കാട്ടറത്ത് മെമ്മോറിയൽ ഭവന പദ്ധതി രൂപകൽപ്പന ചെയ്യുകയും ദുരിതബാധിതർക്ക് പിൻതുണ നൽകുകയും ചെയ്തു. അവർക്ക് അ





ഭയം നൽകുക, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രത്യേകം തിരഞ്ഞെടുത്ത ഏഴ് ദുരിതബാധിത കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകി. ഈ ഭവനങ്ങളുടെ താക്കോൽദാനം പാലക്കാട് രൂപതാധ്യക്ഷൻ ബിഷപ്പ് മാർ ജേക്കബ് മനത്തോടത്തിന്റെ സാന്നിധ്യത്തിൽ വിൻസെൻഷ്യൻ സഭയുടെ മേരി മാതാ പ്രോവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. ജെയിംസ് കല്ലുങ്കൽ വി.സി നിർവഹിച്ചു. മേരി മാതാ പ്രോവിൻസ് സോഷ്യൽ വർക്ക് കൗൺസിലർ റവ. ഫാ. ഫ്രാൻസീസ് നടുവിലേടത്ത് വി.സി, സോഷ്യൽ വർക്ക് ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് പെരിഞ്ചേരി വി.സി. എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## New Mission Station Inaugurated in the Garhwal Region

സി. എം. സി.
കോൺഗ്രിഗേഷൻ

Bijnor: Mar Vincent Nellaiparambil, Bishop of the Bijnor Eparchy inaugurated a new mission station in the Garhwal region on 11 April 2021 at Haldukhata. The new mission station is 12 km away from Kotdwar which is situated on the bank of



Malini River and close to Kanva Muni Ashram, the birthplace of Emperor Bharath. The people of the place are traditional farmers who belong to middle-class families.

CMC Sisters from Thamarassery Province came and took up the social, pastoral, and educational works for the people in collaboration with the Eparchy of Bijnor. Mar Vincent Nellaiparambil blessed the Mission House. Provincial Superior Sr. Deena CMC spoke on the occasion. The priest-in-charge Rev.



Fr. T.J. Joseph coordinated the ceremony. Sr. Amenda CMC (Superior), Sr. Noel CMC, Sr. Shincy CMC, and Sr. Judith CMC are the new community members.

എം.സി.ബി.എസ്. കോൺഗ്രിഗേഷൻ

## ദിവ്യകാരുണ്യ മിഷനറി സഭയുടെ സ്ഥാപക ദിനം ആഘോഷിച്ചു

മലയാറ്റൂർ/ താമരശ്ശേരി: ദിവ്യകാരുണ്യ മിഷനറി സഭ (MCBS) യുടെ എൺപത്തിയെട്ടാം സഭാ സ്ഥാപക ദിനം മെയ് 7-ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സഭയുടെ എല്ലാ ഭവനങ്ങളിലും ആഘോഷിച്ചു. ഇതിനോടനുബന്ധിച്ച് പതിനേഴ് സഹോദരങ്ങൾ സഭാ വസ്ത്രം സ്വീകരിക്കുകയും മറ്റ് പതിനേഴ് സഹോദരങ്ങൾ നിത്യവ്രതവാഗ്ദാനം നടത്തുകയും ചെയ്തു.

സഭാ സ്ഥാപകരായ പെരിയ ബഹു. മാത്യു ആലക്കളത്തിലച്ചന്റെയും ജോസഫ് പറേടത്തിലച്ചന്റെയും സാന്നിധ്യത്തിൽ 1933 മെയ് 7-ന് കോട്ടയം ജില്ലയിലെ മല്ലപ്പള്ളിയിൽ വച്ച് ചങ്ങനാശ്ശേരി രൂപതയുടെ അധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ ജെയിംസ് കാളാശ്ശേരി പിതാവിന്റെ ആശീർവാദത്തോടെയാണ് ദിവ്യകാരുണ്യ മിഷനറി സമൂഹത്തിന് ആരംഭം കുറിച്ചത്. എൺപത്തിയെട്ടു വർഷങ്ങൾ പിന്നിടുന്ന ഈ സന്യസസമൂഹം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു.



ഈ പുണ്യദിനത്തിന്റെ സ്മരണയിൽ മെയ് 6-ന് മലയാറ്റൂർ ഇല്ലിത്തോട് സന്നിധാന ആശ്രമത്തിൽ വച്ച് പതിനേഴ് സഹോദരങ്ങൾ സഭാ വസ്ത്രം സ്വീകരിച്ചു. ദിവ്യകാരുണ്യ മിഷനറി സഭയുടെ സുപ്പീരിയർ ജനറൽ ബഹു. ജോസഫ് മലേപറമ്പിലച്ചൻ, കോട്ടയം എമ്മാവൂസ് പ്രവിശ്യയുടെ സുപ്പീരിയർ ബഹു. ഡോമിനിക്ക് മുണ്ടാട്ടച്ചൻ, കോഴ്സ് ഡയറക്ടർ തോമസ് പോൾ ഇലയിടത്തുമഠത്തിലച്ചൻ, ജനറൽ കൗൺസിലർ കുര്യാക്കോസ് മൂഞ്ഞേലിയച്ചൻ എന്നിവരുടെ കാർമ്മികത്വത്തിലാണ് സഭാ വസ്ത്ര സ്വീകരണം നടത്തപ്പെട്ടത്.



സഭാ സ്ഥാപക ദിനമായ മെയ് 7-ന് താമരശ്ശേരി സനാതന മേജർ സെമിനാരിയിൽ വെച്ച് പതിനേഴ് സഹോദരങ്ങൾ നിത്യവ്രതവാഗ്ദാനം നടത്തി. ദിവ്യകാരുണ്യ മിഷനറി സഭയുടെ സുപ്പീരിയർ ജനറൽ ബഹു. ജോസഫ് മലേപറമ്പിലച്ചൻ, കോട്ടയം എമ്മാവൂസ് പ്രവിശ്യയുടെ സുപ്പീരിയർ ബഹു. ഡോമിനിക്ക് മുണ്ടാട്ടച്ചൻ, കോഴിക്കോട് സീയോൺ പ്രവിശ്യയുടെ സുപ്പീരിയർ ബഹു. ജോസഫ് തോട്ടാങ്കരയച്ചൻ, കോഴ്സ് ഡയറക്ടർ പോൾ കുഞ്ഞാനയിലച്ചൻ, സനാതന സെമിനാരി റെക്ടർ ബഹു. മാത്യു ഓലിക്കലച്ചൻ തുടങ്ങിയവരുടെ സാന്നിധ്യം തിരുകർമ്മങ്ങളിൽ ഉണ്ടായിരുന്നു.

---

SH CONGREGATION

## സന്യാസ വസ്ത്രം സ്വീകരിച്ചു



പാലാ: തിരുഹൃദയ പ്രോവിൻസിലെ 4 നോവിസസിന്റെ സന്യാസ വസ്ത്ര സ്വീകരണവും ആദ്യ വ്രതാനുഷ്ഠാനവും 6 ജൂണിയർ സിസ്റ്റേഴ്സിന്റെ നിത്യവ്രതാനുഷ്ഠാനവും പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യ കാർമ്മികത്വത്തിൽ തിരുഹൃദയ സമൂഹ സ്ഥാപകനായ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ പുണ്യകുടീരം സ്ഥിതി ചെയ്യുന്ന പാലാ SH പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ച് ഏപ്രിൽ 29-ന് നടത്തി. ഈ ലോകത്തിലെ ഒച്ചപ്പാടുകൾക്കിടയിൽ നിന്നും ദൈവസ്വരം ശ്രവിച്ച് ഈശോയ്ക്ക് ഹൃദയത്തിൽ ഇടം നൽകി ഈശോയുടെ തിരുഹൃദയത്തിൽ ഇരിപ്പിടം സ്വന്തമാക്കിയവരാണ് തിരുഹൃദയ സന്യാസിനികൾ എന്ന് അഭിവന്ദ്യ പിതാവ് തിരുകർമ്മങ്ങളുടെ മധ്യേ നൽകിയ സന്ദേശത്തിൽ പറഞ്ഞു.

---

CPS CONGREGATION

## പ്രേഷിതാരാം സഹോദരിമാരുടെ നിത്യവ്രതവാഗ്ദാനം

കാലടി: ദൈവത്തിനും ദൈവജനത്തിനും വേണ്ടി സേവനം ചെയ്യുവാൻ പ്രേഷിതാരാം സന്യാസിനി സമൂഹത്തിലെ ആറ് സഹോദരിമാർ നിത്യവ്രതവാഗ്ദാനം നടത്തി. 2021 മെയ് രണ്ടാം തീയതി കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ട് നടന്ന തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചത് എറണാകുളം-അങ്കമാലി അതിരൂപത വികാരി ജനറാൽ റവ. ഫാ. ജോസ് പുതിയേടത്ത് ആയിരുന്നു.



---

LST CONGREGATION

## നിത്യവ്രതവാഗ്ദാനം നടത്തി ദ ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ് ഓഫ് ലിസ്യു



ഗോരഖ്പൂർ: ദ ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ് ഓഫ് ലിസ്യു (LST) സന്യാസ സമൂഹത്തിലെ 9 സന്യാസിനികൾ ഏപ്രിൽ 30-ന് നിത്യവ്രതവാഗ്ദാനം നടത്തി. രൂപതാധ്യക്ഷൻ മാർ തോമസ് തുരുത്തിമറ്റം പിതാവിന്റെ മുഖ്യകാർമികത്വത്തിലാണ് സന്യാസിനികളുടെ നിത്യവ്രതവാഗ്ദാനം നടത്തിയത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ചടങ്ങുകൾ വളരെ ലളിതമായിരുന്നു. സുപ്പീരിയർ ജനറൽ സി. സിസിലി തോമസ് നവസന്യാസിമാരെ അഭിനന്ദിച്ചു. സമൂഹാംഗങ്ങൾ എല്ലാവരും തങ്ങളുടെ പ്രാർത്ഥനകളും ആശംസകളും സന്യാസിനിമാർക്ക് നേർന്നു.

---

OSH MEN CONGREGATION

## ശതാബ്ദി വർഷത്തിൽ 11 വൈദിക വിദ്യാർഥികൾ നിത്യവ്രതവാഗ്ദാനം നടത്തി

കോട്ടയം: 1921 നവംബറിൽ അഭിവന്ദ്യ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിനാൽ സ്ഥാപിതമായ തിരുഹൃദയ ദാസ സമൂഹത്തിന്റെ (OSH) ശതാബ്ദി വർഷത്തിൽ 11 വൈദികവിദ്യാർത്ഥികളുടെ നിത്യവ്രതവാഗ്ദാനവും 6 വൈദികവിദ്യാർഥികളുടെ തിരുസഭാ വസ്ത്രസ്വീകരണവും രണ്ട് വൈദിക വിദ്യാർത്ഥികളുടെ അനിത്യവ്രതവാഗ്ദാനവും നടത്തി. മുഖ്യകാർമികത്വം വഹിച്ചത് തിരുഹൃദയ ദാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. ഡോ. സ്റ്റീഫൻ മുരിയംകോട്ടു നിരപ്പിലാണ്. റവ. ഫാ. ജോപ്പൻ ചെത്തികുന്നേൽ (നോവിസ് മാസ്റ്റർ) റവ. ഫാ. ലീജോ കൂടത്തിനാൽ (റെക്ടർ) എന്നിവർ സഹകാർമികരായിരുന്നു. ഈ കാലഘട്ടത്തിൽ സന്യാസ ജീവിതം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ക്രിസ്തുവിനോട് ചേർന്നുനിന്ന് രൂപപ്പെടുത്തേണ്ട സന്യാസ ചൈതന്യത്തെക്കുറിച്ചും റവ. ഡോ. ബിജു നാഞ്ഞിലത്ത് തന്റെ തിരുവചന സന്ദേശത്തിൽ ഓർമിപ്പിച്ചു.



---

MMB BROTHERS CONGREGATION

## കോവിഡ്കാല സഹായവുമായി മലബാർ മിഷനറി ബ്രദേഴ്സ്

ഭോപ്പാൽ: മലബാർ മിഷനറി ബ്രദേഴ്സിന്റെ ഭോപ്പാൽ അസീസി പ്രോവിൻസ് സാമൂഹ്യസേവന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഗ്രാമങ്ങളിലെയും ചേരികളിലെയും ഏറ്റവും നിർധനരായ രണ്ടായിരത്തോളം കുടുംബങ്ങൾക്ക് സഹായമായി ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. കിറ്റുകളുടെ വിതരണോദ്ഘാടനം പ്രൊവിൻഷ്യൽ ഹൗസിന് സമീപത്തുള്ള ജബരൻപുര ഗ്രാമത്തിൽ ആദ്യ കിറ്റ് നൽകിക്കൊണ്ട് പ്രൊവിൻഷ്യൽ സുപ്പീരിയർ ബ്രദർ സണ്ണിലാൽ അവിരപ്പാട്ട് നിർവഹിച്ചു. എംഎംബി ജനറലേറ്റ്, ഭോപ്പാൽ സിആർഐ എന്നിവർക്കു പുറമേ സ്വദേശത്തും വിദേശത്തുമുള്ള ഉപകാരികൾ ആണ് കിറ്റുകൾ സ്പോൺസർ ചെയ്തത്. ആവശ്യമായ ഭക്ഷ്യ വസ്തുക്കൾക്ക് പുറമെ സോപ്പ്, സാനിറ്റൈസർ, മാസ്ക് എന്നിവയും കിറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഏകദേശം 750 രൂപ വിലവരുന്ന സാധനങ്ങളാണ് ഓരോ കിറ്റിലും ഉൾക്കൊള്ളിച്ചിരുന്നത്. ഇതുകൂടാതെ പോലീസ് സ്റ്റേഷനുകളിലും തടവറകളിലും ആതുരസേവന കേന്ദ്രങ്ങളിലും മാസ്ക്കുകൾ, സാനിറ്റൈസറുകൾ, സോപ്പുകൾ എന്നിവയും എത്തിച്ചു നൽകി.



---

**സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.**

**email: syromalabarvision@gmail.com**
**whatsapp: +91 8089552280**

MY LORD MY GOD
സീറോമലബാർ വിഷൻ

എം. എസ്. എം. ഐ
കോൺഗ്രിഗേഷൻ

## എംഎസ്എംഐ സന്യാസിനിമാരുടെ നിത്യവ്രതവാഗ്ദാനം



കുളത്തുവയൽ: എംഎസ്എംഐ ജനറലേറ്റ് കുളത്തുവയലിൽ വച്ച് 12 സഹോദരിമാർ അഭിവന്ദ്യ മാർ റെമിജിയോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ മെയ് 7-ന് നിത്യവ്രതവാഗ്ദാനം ചെയ്തു. സുപ്പീരിയർ ജനറൽ സി. ഫിൻസിയും ജനറൽ കൗൺസിലർമാരും പ്രൊവിൻഷ്യൽ സുപ്പീരിയർമാരായ സി. ഡെൽസി ഫിലിപ്പ് (മേരിമാതാ പ്രോവിൻസ്) സി. ആൻസി മാത്യു (സാൻജോസ് പ്രോവിൻസ്), ഡോ. സി. ലിറ്റിൽ ഫ്ളവർ (ക്രിസ്തുജ്യോതി പ്രോവിൻസ്) എന്നിവർ സന്നിഹിതരായിരുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വളരെ ലളിതമായിട്ടാണ് ചടങ്ങുകൾ നടത്തിയത്.

എം. എസ്. ജെ.
കോൺഗ്രിഗേഷൻ

## കോവിഡ് രോഗിപരിചരണവുമായി MSJ സിസ്റ്റേഴ്സ്

ധർമ്മഗിരി: കോവിഡ്-19 മൂലം അത്യാസന്നരായ നൂറോളം കിടപ്പുരോഗികൾക്ക് ദിവസേന കോതമംഗലം ധർമ്മഗിരി ആശുപത്രിയിൽ MSJ സഹോദരിമാർ ചികിത്സ നല്കി വരുന്നു.



ഡി. എസ്. റ്റി.
കോൺഗ്രിഗേഷൻ

## ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ്: നോവിഷ്യേറ്റ് പ്രവേശനം



പാലാ: DST സന്യാസിനി സമൂഹത്തിന് നിലവിലുള്ള പാലാ, ഉജ്ജൈൻ എന്നീ രണ്ടു പ്രൊവിൻസുകളിൽ നിന്നും നോർത്ത് ഈസ്റ്റ് റീജിയനിൽ നിന്നുമുള്ള 15 അർത്ഥിനികൾ മെയ് 2-ന് നോവിഷ്യേറ്റിൽ പ്രവേശിച്ചു. ഭരണങ്ങാനം ജനറലേറ്റിൽ വച്ച് നടന്ന ചടങ്ങിൽ സുപ്പീരിയർ ജനറൽ സി. ലിസ ജോസ് സന്യാസാർത്ഥിനികളെ നോവിഷ്യേറ്റിലേയ്ക്കു സ്വീകരിച്ചു.

FCC
CONGREGATION

## കോവിഡുകാല ശുശ്രൂഷയുമായി എഫ്.സി.സി തൃശൂർ അസ്സീസി പ്രോവിൻസ്

തൃശൂർ: കോവിഡ് രോഗികൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ പകലന്തിയോളം കഠിനാദ്ധ്വാനം ചെയ്യുന്ന നേഴ്സുമാർക്കും മറ്റു ആരോഗ്യപ്രവർത്തകർക്കും കൈത്താങ്ങാകാൻ അദ്ധ്യാപകരും ചെറുപ്പക്കാരുമായ എഫ്.സിസി തൃശൂർ അസ്സീസി പ്രോവിൻസിലെ ഇരുപതോളം സിസ്റ്റേഴ്സ് ധീരതയോടെ മുന്നിട്ടിറങ്ങി. കോവിഡ് രോഗികൾക്ക് ഭക്ഷണം കൊടുക്കുക, അവശരായവരെ കുളിപ്പിക്കുക, പനിയും ഓക്സിജൻ ലെവലും അളക്കുക, അവരെ ആശ്വസിപ്പിച്ച് ധൈര്യം പകരുക എന്നീ ശുശ്രൂഷകളാണ് അവർ ഏറ്റെടുത്ത് നിർവ്വഹിക്കുന്നത്. തൃശൂർ ജൂബിലി മിഷൻ ഹോസ്പിറ്റൽ, പഴുവിൽ സെന്റ് ആന്റണീസ് മിഷൻ ഹോസ്പിറ്റൽ എന്നിവിടങ്ങളിലാണ് ഇവർ ഈ ശുശ്രൂഷ നിർവ്വഹിച്ചത്. ചെന്നായ്പാറ ദിവ്യകാരുണ്യാശ്രമത്തിലെ 150ഓളം അന്തേവാസികൾക്ക് കോവിഡ് രോഗം പിടിപെട്ടപ്പോൾ അവിടെയും സഹായഹസ്തവുമായി അവർ ഓടിയെത്തിയിരുന്നു. പഴുവിൽ സെന്റ് ആന്റണീസ് മിഷൻ ഹോസ്പിറ്റലിൽ ഇപ്പോഴും ശുശ്രൂഷ തുടരുന്നുണ്ട്.

കോവിഡിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ജോലി നഷ്ടപ്പെട്ട് സാമ്പത്തിക പ്രതിസന്ധിയിൽ അലയുന്നവർക്ക് ഒ





രത്താണി എന്ന നിലയിൽ 'കോഴിയും കോഴിക്കൂടും', 'ആടും ആട്ടിൻകൂടും' എന്ന പദ്ധതി തൃശൂർ അസ്സീസി പ്രോവിൻസിൽ സോഷ്യൽ സർവ്വീസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കി. മണ്ണുത്തി വെറ്റിനറി കേന്ദ്രത്തിൽ നിന്നു വാങ്ങിയ 100 കോഴിക്കുഞ്ഞുങ്ങൾക്ക് ഒരു മാസത്തോളം കൃത്യമായ പരിചരണം നൽകിയ ശേഷമാണ് 20 കുടുംബങ്ങൾക്ക് 5 കോഴികൾ വീതവും പതിനായിരത്തോളം രൂപ വില വരുന്ന കോഴിക്കൂടും വിതരണം ചെയ്ത് പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചത്.

10 കുടുംബങ്ങൾക്ക് ഓരോ ആടും ആട്ടിൻകൂടും നൽകി രണ്ടാമത്തെ പദ്ധതിക്കും ആരംഭമിട്ടു. 6 മാസം പ്രായമുള്ള നല്ലയിനം പെണ്ണാടുകളെയാണ് വിതരണം ചെയ്തത്. പെട്ടെന്ന് നശിച്ചുപോകാത്തതും 25,000 രൂപ ചെലവു വരുന്നതുമായ ആട്ടിൻകൂടാണ് ഒരുക്കിയത്. ആദ്യപ്രസവത്തിലുണ്ടാകുന്ന ഒരു പെണ്ണാട്ടിൻ കുട്ടിയെ മറ്റൊരു കുടുംബത്തിന് നൽകാൻ തരണമെന്ന നിബന്ധനയോടുകൂടിയാണ് ഈ പദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ മറ്റ് 12 കുടുംബങ്ങൾക്ക് ഈ പദ്ധതി നടപ്പിലാക്കാൻ കാര്യങ്ങൾ ക്രമീകരിച്ചുകൊണ്ടിരിക്കുന്നു.

സി. എം. ഐ.
കോൺഗ്രിഗേഷൻ

## Consultor of the Pontifical Council for Legislative Texts



Rome: The Supreme Pontiff, Pope Francis re-appointed Rev. Fr. Varghese Koluthara CMI as the consultor of the Pontifical Council for Legislative Texts for another five years. The Pontifical Council for Legislative Texts is a Dicastery of the Roman Curia. Its work "consists mainly in interpreting the laws of the Church" (Pastor Bonus, 154) and it works closely with the Signatura and the other Tribunals and the Pope.

### Men in Cassocks

Chavara Hills: A music ministry under the patronage of the CMI General Department of Evangelization and Pastoral Ministry introduced a 'Priest Band' known as "Men in Cassocks" on the 216th birthday of St. Kuriakose Elias Chavara. The purpose of the band is to invite the young generation to spiritual life through music ministry. A beautiful song released on the same day by the Prior General that became viral on YouTube.




SABS
CONGREGATION

## മദർ മേരി ഫ്രാൻസിസ്ക ദ ഷന്താൾ അനുസ്മരണം

ആലുവ: വിശുദ്ധ കുർബാനയുടെ ആരാധന സന്യാസിനി സമൂഹത്തിന്റെ സഹസ്ഥാപക മദർ മേരി ഫ്രാൻസിസ്ക ദ ഷന്താളിന്റെ 49-ാം ചരമവാർഷിക ദിനമായ മെയ് 25 പ്രാർത്ഥനാപൂർവം ആചരിക്കുന്നു. ദൈവദാസിയുടെ സുകൃത സമ്പന്നമായ ജീവിതത്തെ പരിചയപ്പെടുത്തുന്ന പ്രോഗ്രാം കെവിസി ദൂത് എന്ന യൂട്യൂബ് ചാനൽ വഴി മെയ് 16 മുതൽ സംപ്രേഷണം ചെയ്തുവരുന്നു. ഒമ്പത് ദിവസങ്ങളിലായി നടത്തപ്പെടുന്ന പ്രോഗ്രാമിൽ ഈ സമൂഹത്തിന്റെ എല്ലാ പ്രോവിൻസുകളും പങ്കെടുക്കുന്നുണ്ട്. മെയ് 25-ന് ദൈവദാസി മദർ ഷന്താളിന്റെ കബറിടം സ്ഥിതിചെയ്യുന്ന അതിരമ്പുഴ ആരാധന മഠം ചാപ്പലിൽ അനുസ്മരണ പ്രാർത്ഥനയും സെന്റ് മേരിസ് ഫൊറോന ദേവാലയത്തിൽ വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതാണ്. കോവിഡ്-19 ന്റെ വ്യാപന പശ്ചാത്തലത്തിൽ ഗവൺമെന്റ് നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിട്ടായിരിക്കും തിരുക്കർമ്മങ്ങൾ നടത്തുന്നത്.



MLF CONGREGATION

# സുവർണജൂബിലി ആഘോഷിച്ചു



കുറിച്ചി: ദൈവത്തിന്റെ കരുണാർദ്രസ്നേഹം രോഗികൾക്കും പാവപ്പെട്ടവർക്കും അനുഭവവേദ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ മിഷനറീസ് ഓഫ് ലിറ്റിൽ ഫ്ളവർ (MLF) സന്യാസിനി സമൂഹത്തിലെ 9 സഹോദരിമാരുടെ സുവർണ്ണജൂബിലിയും 2 സഹോദരിമാരുടെ നിത്യവ്രതവാഗ്ദാനവും ചങ്ങനാശ്ശേരി അതിരൂപത ആർച്ച്ബിഷപ് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 2021 ഏപ്രിൽ 15-ന് കുറിച്ചി ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ വച്ച് നടന്നു.

എസ്.ഡി. കോൺഗ്രിഗേഷൻ

# Perpetual Profession of the SD Sisters

Aluva: 13 Juniors from the six provinces of the SD Congregation perpetually professed at the Generalate, Thottumugham, Aluva on 25 April 2021. The Curia Bishop Mar Sebastian Vaniyapurackal was the main celebrant of the Eucharistic Celebration and Fr. Sajo Padayattil, parish priest of St. Andrew's Church, Periyarmugham was the co- celebrant. Mar Sebastian reminded the finally professed sisters of the significance of their call in the world and prayed for them to be the true sisters of the DESTITUTE. Superior General Sr. Liss Grace SD welcomed everyone to the function and thanked the finally professed sisters for taking a dire step to be of Jesus forever amidst all the chaos of this world.

SISTERS OF KRISTU DASIS

# ക്രിസ്തുദാസി സമൂഹത്തിന് പുതിയ നേതൃത്വം

കോഴിക്കോട്: ക്രിസ്തു ദാസി സമൂഹത്തിന്റെ മദർ ജനറലായി സി. ടീന കുന്നേൽ, അസിസ്റ്റന്റ് ജനറലായി സി. ക്രിസ്റ്റീന എന്നിവരും കൗൺസിലേഴ്സായി സി. ലിറ്റി ഫ്രാൻസിസ്, സി. മിലി തോമസ്, സി. ടിജി ജോസഫ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. ജനറൽ പ്രൊക്യൂറേറ്ററായി സി. അനീറ്റയും ജനറൽ സെക്രട്ടറിയായി സി. മോളി എന്നിവരും നിയമിതരായി.



# വിശുദ്ധ മറിയം ത്രേസ്യയുടെ 145-മത് ജന്മവാർഷികം

സി.എച്ച്.എഫ്. കോൺഗ്രിഗേഷൻ

കുഴിക്കാട്ടുശ്ശേരി: വിശുദ്ധ മറിയം ത്രേസ്യയുടെ 145-മത് ജന്മവാർഷികത്തോടനുബന്ധിച്ച് കുഴിക്കാട്ടുശ്ശേരി വിശുദ്ധ മറിയം ത്രേസ്യ തീർത്ഥാടനകേന്ദ്രത്തിൽ റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടൻ (കപ്ലോൻ), റവ. ഫാ. ലിജോ കോങ്കോത്ത് (റെക്ടർ) എന്നിവരുടെ മുഖ്യകാർമികത്വത്തിൽ ദിവ്യബലിയർപ്പണം നടത്തി. തുടർന്ന് നടന്ന മീറ്റിംഗിൽ അമ്മയ്ക്ക് ജന്മദിനാശംസകൾ നേർന്നുകൊണ്ട് കേക്ക് മുറിച്ച് സ്നേഹം പങ്കിട്ടു. സുപ്പീരിയർ ജനറൽ സി. ആനി കുര്യാക്കോസ് സി.എച്ച്.എഫ് ജന്മദിന സന്ദേശം നൽകി. 145 ദീപങ്ങൾ തെളിയിച്ചുകൊണ്ടാണ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. കുടുംബങ്ങൾക്ക് വിളക്കായി തീർന്ന മറിയം ത്രേസ്യാമ്മയുടെ പുണ്യജീവിതത്തെ കൂടുതൽ അടുത്തറിയാൻ ഏവർക്കും സാധിക്കട്ടെയെന്നും വിശുദ്ധയുടെ മാധ്യസ്ഥസഹായം എല്ലാവർക്കും ഉണ്ടാകട്ടെയെന്നും സുപ്പീരിയർ ജനറൽ ആശംസിച്ചു. ജനറൽ കൗൺസിലേഴ്സ്, മറ്റ് സമൂഹാംഗങ്ങൾ എന്നിവരും മീറ്റിംഗിൽ സന്നിഹിതരായിരുന്നു. സന്യാസ ജീവിതത്തിന്റെ അന്തസ്സിന്റെയും ഔന്നത്യത്തിന്റെയും നേർസാക്ഷ്യമായ വിശുദ്ധ മറിയം ത്രേസ്യാമ്മയുടെ ജീവിതം പുതുതലമുറയ്ക്കെന്നും പ്രചോദനമാണ്.





# നിത്യവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും

CST FATHERS CONGREGATION

തൃക്കാക്കര: ദൈവത്തിനും ദൈവജനത്തിനും നിത്യമായി സേവനം ചെയ്യുവാനുള്ള തങ്ങളുടെ സന്നദ്ധത അറിയിച്ചുകൊണ്ട് ചെറുപുഷ്പസഭയിലെ നാലു പ്രോവിൻസുകളിൽ നിന്നായി 20 സഹോദരന്മാർ നിത്യവ്രതവാഗ്ദാനം ചെയ്തു. ചെറുപുഷ്പസഭയുടെ സുപ്പീരിയർ ജനറാളായ ബഹു. ജോജോ വരകുകാലായിലിൽ അച്ചന്റെ മുൻപാകെ 2021 മെയ് 12-ന് തൃക്കാക്കര ലിറ്റിൽ ഫ്ളവർ ജനറലേറ്റിൽ നടന്ന ചടങ്ങിൽ സഹോദരന്മാർ തങ്ങളുടെ നിത്യവ്രതവാഗ്ദാനം നടത്തി. അന്നേദിവസം തന്നെ തങ്ങളുടെ പ്രായോഗിക പരിശീലനത്തിനുശേഷം ദൈവശാസ്ത്രപഠനം ആരംഭിക്കുന്ന 23 സഹോദരന്മാർ സഭാവസ്ത്രം സ്വീകരിച്ചു. തൃക്കാക്കര ലിറ്റിൽ ഫ്ളവർ ജനറലേറ്റ്, ആലുവ ലിറ്റിൽ ഫ്ളവർ സെമിനാരി എന്നിവിടങ്ങളിലായി 96 സഹോദരന്മാർ തങ്ങളുടെ വ്രതവാഗ്ദാനം പുതുക്കുകയും ചെയ്തു. കൂടാതെ നവസന്യാസപരിശീലനം പൂർത്തിയാക്കിയ 18 സഹോദരന്മാർ മൂക്കന്നൂർ ബേസിൽ ഭവൻ, മുടിക്കൽ ക്രിസ്തുജ്യോതി മിഷൻ ഹൗസ് എന്നിവിടങ്ങളിലായി മെയ് 17-ന് തങ്ങളുടെ ആദ്യവ്രതവാഗ്ദാനം നടത്തി ചെറുപുഷ്പസഭയിൽ അംഗങ്ങളായി. അതോടൊപ്പം 32 സഹോദരന്മാർ നവസന്യാസത്തിൽ പ്രവേശിച്ചു.



ആദ്യവ്രതവാഗ്ദാനം നടത്തിയ സെന്റ് ജോസഫ്സ് പ്രോവിൻസിന്റെയും സെന്റ് തോമസ് പ്രോവിൻസിന്റെയും സഹോദരന്മാർ ബഹു. പ്രോവിൻഷ്യാളച്ചന്മാരോടും നോവിസ് മാസ്റ്ററച്ചനോടുമൊപ്പം..



നിത്യവ്രതം ചെയ്ത സഹോദരന്മാർ ബഹു. സുപ്പീരിയർ ജനറാളച്ചനോടും മറ്റ് വൈദികരോടുമൊപ്പം.



ആദ്യ വ്രതവാഗ്ദാനം നടത്തിയ ക്രിസ്തു ജ്യോതി, ലിറ്റിൽ ഫ്ളവർ പ്രോവിൻസുകളിലെ സഹോദരന്മാർ



സഭാവസ്ത്രം സ്വീകരിച്ച സഹോദരന്മാർ ബഹു. സുപ്പീരിയർ ജനറാളച്ചനോടും മറ്റ് വൈദികരോടുമൊപ്പം.

കൂരിയ വാർത്തകൾ

# ടോണി ചിറ്റിലപ്പിള്ളി അൽമായ ഫോറം സെക്രട്ടറി

കാക്കനാട്: സീറോമലബാർ സഭയുടെ കുടുംബത്തിനും അൽമായർക്കും ജീവനും വേണ്ടിയുള്ള സിനഡൽ കമ്മീഷന്റെ അൽമായ ഫോറം സെക്രട്ടറിയായി തൃശൂർ അതിരൂപതയിലെ കുരിയച്ചിറ സെന്റ് ജോസഫ്സ് ഇടവകാംഗമായ ടോണി ചിറ്റിലപ്പിള്ളിയെ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിയമിച്ചു. നിര്യാതനായ അഡ്വ. ജോസ് വിതയത്തിലിന്റെ ഒഴിവിലാണ് പുതിയ നിയമനം നടത്തിയിരിക്കുന്നത്.



ബിസിനസ് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദമുള്ള ടോണി ചിറ്റിലപ്പിള്ളി ദീർഘകാലം വിദേശത്ത് ജോലി ചെയ്തു. പിന്നീട് ശാലോം-സോഫിയ പ്രസിദ്ധീകരണ വിഭാഗം തലവനായിരുന്നു. ക്രൈസ്തവ ചിന്തകൻ, എഴുത്തുകാരൻ, ടി.വി അവതാരകൻ എന്നീ നിലകളിൽ മാധ്യമ ലോകത്ത് സജീവമാണ്. ഫ്രാൻസിസ് മാർപാപ്പയെക്കുറിച്ചുള്ള ഗ്രന്ഥങ്ങളിലൂടെ ജനശ്രദ്ധ നേടി. നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവായ ടോണി ചിറ്റിലപ്പിള്ളി, ജെ. സി. ഡാനിയേൽ അക്കാദമിയുടെ സാഹിത്യ ശ്രേഷ്ഠ അവാർഡ്, ബിഷപ്പ് മാക്കീൽ ഫൗണ്ടേഷൻ അവാർഡ്, മേരിവിജയം കവിതാ പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്. ഭാര്യ: ജിനു. കെ. ജോസഫ് (അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ. എസ്.ഇ.ബി, മുതുവറ). മക്കൾ: ജോവന്ന, ഇസബെല്ല, റബേക്ക, ജൊഹാൻ, ആമി.

# ഫീലിപ്പോസ് മാർ ക്രിസോസ്റ്റോം വലിയ മെത്രാപ്പോലീത്താ ദൈവികതയും മാനുഷികതയും നിറഞ്ഞുനിന്ന സഭാശ്രേഷ്ഠനായിരുന്നു: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കാക്കനാട്: കരുത്താർന്ന സുവിശേഷപ്രസംഗങ്ങളിലൂടെ അദ്ദേഹം അനേകായിരങ്ങളെ ദൈവത്തിലേക്കും മനുഷ്യസേവനത്തിലേക്കും ആനയിച്ചു. സാഹോദര്യവും കാരുണ്യവും നിറഞ്ഞ സാമൂഹികപ്രവർത്തനങ്ങൾ വഴി അനേകർക്കു സംരക്ഷണവും ആശ്വാസവും നൽകി. മാരാമൺ കൺവെൻഷൻ മാർതോമാസഭയുടെ മുഖമുദ്രയാക്കിക്കൊണ്ടു കേരളത്തിൽ സഭയുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കി. 103-മത്തെ വയസിൽ നമ്മിൽനിന്നു വേർപിരിഞ്ഞുപോയ അദ്ദേഹം ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ഉന്നതരും സാധാരണക്കാരുമായ എല്ലാ മനുഷ്യർക്കും സ്വീകാര്യനായിത്തീർന്നു. നർമ്മം കലർന്ന സംഭാഷണങ്ങൾ അദ്ദേഹത്തിന്റെ സദസുകളെ സന്തോഷഭരിതമാക്കി. ഫലിതങ്ങളിലൂടെയുള്ള ജീവിതഗന്ധിയായ സന്ദേശങ്ങൾ ജനങ്ങൾക്കു ഹൃദയാവർജകമായി.

ഏല്ലാവിഭാഗം ജനങ്ങളെയും ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന വലിയ മെത്രാപ്പോലീത്ത സഭൈക്യരംഗത്തും സജീവമായിരുന്നു. കത്തോലിക്കാസഭയിൽ നവീകരണത്തിന്റെ വഴി തുറന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി എക്യുമെനിക്കൽ പ്രതിനിധിയായി പങ്കെടുത്തിരുന്നു. വൈദികമേലദ്ധ്യക്ഷന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അദ്ദേഹം ഒരു മാതൃകയായിരുന്നു. മാർതോമാ സഭയ്ക്ക് അദ്ദേഹം നൽകിയ ദിശാബോധം ഇതര സഭകൾക്കും മതസമൂഹങ്ങൾക്കും പ്രചോദനം നൽകുന്നതായിരുന്നു. കണ്ടറിഞ്ഞനാൾ മുതൽ അദ്ദേഹം എന്നെ സ്നേഹിച്ചു; ഞാൻ അദ്ദേഹത്തെയും. അദ്ദേഹത്തിൽ നിന്നും ലഭിച്ച പ്രചോദനങ്ങൾ എന്റെ ജീവിതത്തിനും സഭാശുശ്രൂഷയ്ക്കും പ്രചോദനം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് എന്റെ സ്നേഹംനിറഞ്ഞ ആദരാജ്ഞലികൾ.



ജനഹൃദയങ്ങളിൽ ഫീലിപ്പോസ് മാർ ക്രിസോസ്റ്റോം തിരുമേനിക്ക് എന്നും സ്ഥാനമുണ്ടായിരിക്കും. കാരുണ്യവാനായ ദൈവം അദ്ദേഹത്തിനു നിത്യസൗഭാഗ്യം നൽകുമാറാകട്ടെ. വലിയമെത്രാപ്പൊലീത്തായുടെ നിര്യാണത്തിലുള്ള കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും കേരള ഇന്റർ ചർച്ച് കൗൺസിലിന്റെയും അനുശോചനം മലങ്കര മാർതോമ സുറിയാനി സഭാദ്ധ്യക്ഷൻ അഭിവന്ദ്യ തെയഡ്യോഷ്യസ് മാർ തോമാ മെത്രാപ്പൊലീത്തായോടും സഭാംഗങ്ങൾ എല്ലാവരോടും അറിയിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതവും ശുശ്രൂഷകളും സഭാപ്രവർത്തകർക്കും സാമൂഹികസേവകർക്കും എന്നും പ്രകാശം പകരട്ടെ.

# മെൽബൺ രൂപതയുടെ അധികാരപരിധി ഓഷ്യാനിയ മുഴുവനിലേയ്ക്കും വ്യാപിച്ചു

കാക്കനാട്: സീറോമലബാർ സഭയിലെ മെൽബൺ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ അധികാരപരിധി ഓഷ്യാനിയ ഭൂഖണ്ഡം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചുകൊണ്ടു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉത്തരവായി. 2021 മാർച്ച് 21 ന് പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ പ്രീഫെക്റ്റ് കർദിനാൾ ലെയനാർദോ സാന്ദ്രിക്ക് അനുവദിച്ച കൂടിക്കാഴ്ചയിലാണു മാർപാപ്പയുടെ തീരുമാനം. ഇതു സംബന്ധിച്ച ഔദ്യോഗിക ഡിക്രി അന്നേദിവസം തന്നെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം പുറപ്പെടുവിക്കുകയും ചെയ്തു.



ആസ്ട്രേലിയായിലെ സീറോമലബാർ വിശ്വാസികൾക്കുവേണ്ടി 2013 ഡിസംബർ 23-നാണു മെൽബൺ സെന്റ് തോമസ് രൂപത സ്ഥാപിതമായത്. സീറോമലബാർസഭയുടെ അന്നത്തെ കൂരിയാ ബിഷപ് മാർ ബോസ്കോ പുത്തൂരിനെ പുതിയ രൂപതയുടെ പ്രഥമ മെത്രാനായി പരിശുദ്ധ സിംഹാസനം നിയമിക്കുകയും ചെയ്തു. സമീപരാജ്യമായ ന്യൂസിലാണ്ടിലെ സീറോമലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്റർ എന്ന നിലയിലും മാർ ബോസ്കോ പുത്തൂർ സേവനം ചെയ്തുവരികയായിരുന്നു. ഓഷ്യാനിയൻ രാജ്യങ്ങളിലെ മുഴുവൻ സീറോമലബാർ വിശ്വാസികൾക്കും തനതായ അജപാലനസംവിധാനമുണ്ടാകണമെന്നു സീറോമലബാർസഭാ മെത്രാൻ സിനഡ് പരിശുദ്ധ സിംഹാസനത്തോട് അഭ്യർത്ഥിച്ചിരുന്നു. സിനഡിന്റെ അഭ്യർത്ഥന പരിഗണിച്ചും ഓഷ്യാനിയൻ രാജ്യങ്ങളിലെ ബന്ധപ്പെട്ട ബിഷപ്സ് കോൺഫറൻസുകളുടെ അഭിപ്രായം കണക്കിലെടുത്തുമാണ് മെൽബൺ രൂപതയുടെ അതിർത്തി വിപുലീകരിച്ചുകൊണ്ടു പരിശുദ്ധ സിംഹാസനം കൽപ്പന പുറപ്പെടുവിച്ചിരിക്കുന്നത്.

മെൽബൺ രൂപതയുടെ അതിർത്തി വിപുലീകരണത്തിൽ സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സംതൃപ്തി പ്രകടിപ്പിച്ചു. ആസ്ട്രേലിയായിൽ മാത്രമൊതുങ്ങിനിന്നിരുന്ന അധികാരപരിധി ഓഷ്യാനിയ ഭൂഖണ്ഡം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചതു മെൽബൺ രൂപതയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണെന്നു കർദിനാൾ മാർ ആലഞ്ചേരി പറഞ്ഞു. പരിശുദ്ധ പിതാവിനോടും പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അധ്യക്ഷൻ കർദിനാൾ ലെയനാർദോ സാന്ദ്രിയോടും അദ്ദേഹം സീറോമലബാർസഭയുടെ കൃതജ്ഞത അറിയിച്ചു. മെൽബൺ രൂപതാദ്ധ്യക്ഷൻ മാർ ബോസ്കോ പുത്തൂരിനെ ഫോണിൽ വിളിച്ചു സന്തോഷമറിയിച്ച മേജർ ആർച്ച്ബിഷപ് അതിർത്തി വിപുലീകരണം വഴി പരിശുദ്ധ സിംഹാസനം ഏൽപ്പിച്ച വർദ്ധിച്ച ഉത്തരവാദിത്വം ഫലപ്രദമായി നിർവഹിക്കുവാൻ മെൽബൺ രൂപതയ്ക്കു സാധിക്കട്ടെയെന്നും ആശംസിച്ചു.

ആസ്ട്രേലിയ, ന്യൂസിലാണ്ട്, പപ്പുവ ന്യൂ ഗുനിയ, ഫിജി, സോളമൻ ദീപുകൾ, സമോവ, ടോംഗ തുടങ്ങിയ പതിനാലു രാജ്യങ്ങളാണ് ഓഷ്യാനിയയിൽ ഉൾപ്പെടുന്നത്. ഈ രാജ്യങ്ങളിലുള്ള മുഴുവൻ സീറോമലബാർ വിശ്വാസികളും പരിശുദ്ധ സിഹാംസനത്തിന്റെ ഈ നടപടിയോടെ മെൽബൺ രൂപതയിൽ അംഗങ്ങളായിരിക്കും.

# ആലപ്പുഴ ചെല്ലാനം നിവാസികൾക്ക് സഹായഹസ്തവുമായി മലനാട് ഡെവലപ്മെന്റ് സൊസൈറ്റി




കാഞ്ഞിരപ്പള്ളി: പ്രകൃതിക്ഷോഭത്തിൽ പെട്ട് വലയുന്ന ആലപ്പുഴ ചെല്ലാനം നിവാസികളായ മൂവായിരം കുടുംബങ്ങളിൽ പാലും ബ്രെഡും തേനും നൽകി കാഞ്ഞിരപ്പള്ളി മലനാട് ഡെവലപ്മെന്റ് സൊസൈറ്റി. മേയ് 16-ന് ഞായർ രാവിലെ 9 മണിക്ക് പാറത്തോട് മലനാട് കാമ്പസിൽനിന്നും ഭക്ഷ്യ ഉൽപ്പന്നങ്ങളുമായി ചെല്ലാനത്തിന് പുറപ്പെട്ട വാഹനങ്ങൾ കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. മലനാട് ഡെവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാദർ തോമസ് മറ്റമുണ്ടയിൽ, ഫാ. സ്റ്റാൻലി പുൽപ്പറ, ഫാ. സുനിൽ കൊച്ചുപ്പുര തുടങ്ങിയവർ പങ്കെടുത്തു. ആലപ്പുഴ, കൊച്ചി രൂപതകളുടെ സാമൂഹ്യസേവന വിഭാഗമായ ADS & CSSS എന്നിവ വഴിയാണ് മലനാട് പാലും തേനും ബ്രെഡും ചെല്ലാനത്ത് വിതരണം ചെയ്യുന്നത്.

SYRO-MALABAR VISION - A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD (PRIVATE CIRCULATIONS ONLY)
SYRO-MALABAR MEDIA COMMISSION, MOUNT ST. THOMAS, P.B. NO. 3110, KAKKANAD P.O., KOCHI - 682 030 | Email: syromalabarvision@gmail.com | Phone: +91 99461 62280
Disclaimer: The views and opinions in various articles expressed in this newsletter are solely those of the authors alone.